# വേദാഭിമാനി

Vol.22 No.7 കാർത്തികപ്പള്ളി R.No. 7361/02 2022 JULY

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com

## മരത്തിൽ നിന്നൊരു നദി

നിരവധി വീഡിയോകൾ വൈറൽ പട്ടികയിൽ ഇടം പിടിക്കാറുണ്ട്. അതിൽ പ്രകൃതിയുടെ മനോഹാരിത അത്രമേൽ ഒപ്പിയെടുക്കുന്ന ദൃശ്യങ്ങളും ഉണ്ടാകും. കാണുന്നതൊക്കെ സത്യമാണോയെന്ന് ഒന്നുകൂടി നോക്കി ഉറപ്പിക്കേണ്ടിവരും. അത്തരത്തിലൊരു വീഡിയോ ദൃശ്യമാണ് ഇപ്പോൾ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നത്.

തെക്കൻ യൂറോപ്പിലെ മോണ്ടിനെ ഗോവിലെ ദിനോസ ഗ്രാമത്തിൽ നിന്നുള്ളതാണ് ഈ ദൃശ്യങ്ങൾ. 100 വർഷം പഴക്കമുള്ള മൾബെറി മരത്തിൽ നിന്ന് നദിയിലേതെന്നപോലെ നീരൊഴുക്ക് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

ശൈത്യകാലം അവസാനിക്കാറാകുമ്പോഴോ കനത്ത മഴക്കാലത്തോ ആണ് ഈ പ്രതിഭാസം ഉണ്ടാകുന്നത്. തറയിൽ നിന്ന് ഏകദേശം 1.5 മീറ്റർ ഉയരത്തിലുള്ള പൊത്തിൽ നിന്നാണ് വെള്ളം ഒഴുകുന്നത്.



20 വർഷം മുമ്പാണ് ആദ്യമായി ഈ മരത്തിൽ നിന്ന് ഇത്തരത്തിൽ വെള്ളം ഒഴുകാൻ തുടങ്ങിയത്. തുടർന്ന് എല്ലാ വർഷവും ഒരു പ്രത്യേക സീസണിൽ ഇത് സംഭവിക്കാൻ തുടങ്ങി. മരത്തിൽ നിന്ന് വെള്ളമൊഴുകുന്നത് കാണാൻ നിരവധി പേരാണ് ഇവിടേക്ക് എത്തുന്നത്.

വിനോദസഞ്ചാരികളും ഈ ദൃശ്യങ്ങൾ കാണാൻ ഇവിടേക്കെത്താറുണ്ട്. ഇലകളില്ലാത്ത മരത്തിന്റെ തടിയിലുള്ള പൊത്തിൽ നിന്നാണ് വെള്ളം ഒഴുകുന്നത്. ഈ പ്രദേശത്ത് പുരാതന ജലസംഭരണികൾ ഉണ്ട്. സിജേവ നദിയിൽ നിന്നുള്ള ഒരു നീരുറവയുടെ സമീപത്താണ് ഈ മരം നിൽക്കുന്നത്.

## 'കോട്ടിട്ട' കെട്ടിടം!

ഡെൻമാർക്കിലെ കോപ്പൻഹേഗൻ നഗരം. തെരുവിലൂടെ പോയവരെല്ലാം ആ കാഴ്ച കണ്ട് എല്ലാം മറന്ന് നിന്നുപോയി. അഞ്ചു നിലകളുള്ള ഒരു കെട്ടിടം മൂടിക്കൊണ്ട് ആയിരക്കണക്കിന് കോട്ടുകൾ തൂക്കിയിട്ടിരിക്കുന്നു! അതു കാണാനായി ആൾക്കൂട്ടം തിങ്ങിനിറഞ്ഞു. ക്രിസ്ത്യൻ ട്രോയൽസ്ട്രപ് എന്ന വസ്ത്രവില്പനക്കാരന്റെ കടയായിരുന്നു അത്. പുതുതായി വാങ്ങിയ കെട്ടിടത്തിലേക്ക് കട മാറുന്ന സമയമാണ്. കടയിലാണെങ്കിൽ ആയിരക്കണക്കിന് കോട്ടുകൾ വിൽക്കാതെ കെട്ടിക്കിടക്കുന്നു. അത് ഒഴിവാക്കാൻ ട്രോയൽസ്ട്രപ് ഇറക്കിയ നമ്പറായിരുന്നു കെട്ടിടത്തെ കോട്ടുതൂക്കൽ. ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ പോലീസ് വരേണ്ടിവന്നു. എന്നാൽ അതിനകം ട്രോയൽസ്ട്രപ് ഉദ്ദേശിച്ചതു നടന്നു.

കോട്ടുകളെല്ലാം വിറ്റുപോയി! 'കോട്ടുകെട്ടിട'ത്തിന്റെ ഫോട്ടോ വൈകാതെ പത്രങ്ങളിലും മാസികകളിലുമൊക്കെ വന്നു,



ട്രോയൽസ്ട്രപ്പിന്റെ ഐഡിയ അങ്ങനെ ലോകപ്രശസ്തമായി.

## മരണാനന്തര ജീവിതത്തിനും ആപ്പ്




നിങ്ങൾ മരിക്കുമ്പോൾ കുടുംബത്തെയും ബന്ധുക്കളെയും ബുദ്ധിമുട്ടിക്കരുതെന്ന് ആഗ്രഹമുണ്ടോ? അതിനും വഴിയുണ്ട്. ഒരു മൊബൈൽ ഉപയോഗിച്ചു തന്നെ സ്വന്തം മരണാനന്തര ചടങ്ങുകൾ പ്ലാൻ ചെയ്യാം. അത്തരം സേവനങ്ങൾ ലഭിക്കുന്ന ന്യൂജൻ ആപ്പുകൾ ഇപ്പോൾ ലഭ്യമാണ്. ജീവിതകാലത്ത് നിങ്ങൾ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളും ആസ്തിയും എന്തു ചെയ്യണമെന്നതടക്കം എല്ലാത്തിനും വ്യക്തമായ രൂപരേഖയുണ്ടാക്കി വച്ചാൽ അതുപ്രകാരം ഞങ്ങൾ ചെയ്തുകൊള്ളാം എന്നാണ് ഈ ആപ്പുകൾ പറയുന്നത്. മരണത്തെക്കുറിച്ചുള്ള ആശങ്കകൾ, മരിച്ചു കഴിഞ്ഞ് നമ്മുടെ സമൂഹ മാധ്യമ അക്കൗണ്ടുകൾ ദുരുപയോഗം ചെയ്യുമോയെന്ന ഭയം, ഇഷ്ടപ്പെട്ട സ്ഥലത്ത് സംസ്കരിക്കാനുള്ള സജ്ജീകരണം തുടങ്ങി നിരവധി



കാര്യങ്ങൾ ആപ്പുകൾ പരിഹരിക്കുമെന്നാണ് അവകാശപ്പെടുന്നത്. വിവാഹ ആഘോഷങ്ങളും മറ്റും നടത്തിയിരുന്ന ഇവന്റ് മാനേജ്മെന്റ് സ്ഥാപനങ്ങൾ മരണവും തുടർന്നുള്ള ചടങ്ങുകളും ഏറ്റെടുത്തിടത്താണ് ഈ ആപ്പുകൾ വികസിപ്പിച്ചവർ സാധ്യതകൾ തിരിച്ചറിഞ്ഞത്.

ഡിജിറ്റൽ യുഗത്തിൽ ഫോണിന്റെ പാസ്‌വേഡ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തുടങ്ങി സമൂഹ മാധ്യമങ്ങളിലെ അക്കൗണ്ടുകൾ വരെ ഒരാളുടെ ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുകയാണ്. മരണശേഷം അവ എന്തു ചെയ്യണമെന്നു പലർക്കും ആശങ്കയുണ്ട്. സ്വകാര്യ വിവരങ്ങൾ ചോർന്നുപോകുമോയെന്നു സംശയമുണ്ട്. അവയെല്ലാം ഇല്ലാതാക്കുകയാണ് 'മരണ ആപ്പുകൾ'. സുഖമായി, ആശങ്കകളില്ലാതെ ജീവിതത്തിന്റെ അവസാന ദിനങ്ങൾ ആഘോഷിക്കാമെന്നാണ് ഈ ആപ്പുകളുടെയെല്ലാം അവകാശവാദം.

## ഗ്രോയിങ്ങ് അണ്ടർ ഗ്രൗണ്ട്

തിരക്കുപിടിച്ച ലണ്ടൻ നഗരത്തിന്റെ അടിയിൽ ഒരു കൃഷിസ്ഥലമുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കുമോ? സത്യമാണ്. ക്ലഫാം ഹൈ സ്ട്രീറ്റിന്റെ 33 മീറ്റർ താഴെയാണ് 'ഗ്രോയിങ് അണ്ടർഗ്രൗണ്ട്' എന്ന ലോകത്തിലെ ആദ്യത്തെ അണ്ടർഗ്രൗണ്ട് കൃഷിസ്ഥലം!

രണ്ടാം ലോകമഹായുദ്ധകാലത്ത് യുദ്ധവിമാനങ്ങളുടെ കണ്ണിൽപ്പെടാതെ ഒളിച്ചിരിക്കാനായി മണ്ണിനടിയിൽ നിർമ്മിച്ച താവളമാണ് ഇങ്ങനെ തോട്ടമാക്കി മാറ്റിയിരിക്കുന്നത്. മണ്ണിനു പകരം വെള്ളം ഉപയോഗിക്കുന്ന കൃഷിരീതിയായ ഹൈഡ്രോപോണിക്സ് (Hydroponics) ആണ് ഇവിടെ ഉപയോഗിക്കുന്നത്.






ലോകം കണ്ട ഏറ്റവും വലിയ കച്ചവടങ്ങളിലൊന്നാണ് ഈയിടെ നടന്നത്. ഇലോൺ മസ്ക് എന്ന ലോകത്തിലെ ഏറ്റവും വലിയ പണക്കാരൻ ട്വിറ്റർ എന്ന സമൂഹമാധ്യമസേവനം സ്വന്തമാക്കിയിരിക്കുന്നു. അതും 4400 കോടി ഡോളറിന് (ഏകദേശം 3.36 ലക്ഷം കോടി രൂപ).



2006-ൽ ജാക്ക് ഡോഴ്സി, ബിസ് സ്റ്റോൺ, ഇവാൻ വില്യംസ്, നോവ ഗ്ലാസ് എന്നിവർ ചേർന്നാണ് ട്വിറ്റർ ആരംഭിച്ചത്.

21.7 കോടി ആളുകളാണ് ദിവസവും ട്വിറ്റർ ഉപയോഗിക്കുന്നത്.

500 കോടി ഡോളറാണ് ട്വിറ്ററിന്റെ ഒരുവർഷത്തെ വരുമാനം.

ട്വിറ്ററിലൂടെ പങ്കുവയ്ക്കുന്ന വിവരങ്ങൾക്ക് ട്വീറ്റുകൾ എന്നാണ് പറയുന്നത്.

ഒരു ട്വീറ്റിൽ അക്ഷരങ്ങൾ ഉൾപ്പെടെ പരമാവധി 280 ചിഹ്നങ്ങളേ ഉൾക്കൊള്ളിക്കാനാവൂ. ട്വിറ്റർ സ്വന്തമാക്കിയ ഇലോൺ മസ്ക് ലോകത്തിലെ ഏറ്റവും വലിയ ധനികനാണ്.

## ബഹിരാകാശ ഹോട്ടൽ

ലോകത്തെ ആദ്യ ബഹിരാകാശ ഹോട്ടൽ 2025ൽ അതിഥികൾക്ക് മുൻപാകെ തുറക്കപ്പെടും. വോയേജർ ക്ലാസ് സ്പേസ് സ്റ്റേഷൻ എന്ന് പേരിട്ടിരിക്കുന്ന ഭൂമിക്ക് പുറത്തെ ആദ്യ ഹോട്ടലിന് 400 പേരെ ഉൾക്കൊള്ളാനുള്ള ശേഷിയുണ്ട്. ബാറുകൾ, സിനിമ ഹാളുകൾ, ഭക്ഷണശാലകൾ തുടങ്ങി ജിംനേഷ്യം വരെ ഈ ബഹിരാകാശ ഹോട്ടലിൽ ഒരുക്കിയിട്ടുണ്ട്. അമേരിക്കൻ കമ്പനിയായ ഓർബിറ്റൽ അസംബ്ലി കോർപറേഷൻ തങ്ങളുടെ സ്വപ്നസംരംഭത്തിന്റെ ചെലവ് വ്യക്തമാക്കിയിട്ടില്ല. ഭൂമിയെ ഓരോ 90 മിനിറ്റിലും ഒഎസിയുടെ ബഹിരാകാശ ഹോട്ടൽ വലം വെക്കും. ചന്ദ്രന്റെ ഉപരിതലത്തിലേതിന് സമാനമായ കൃത്രിമ ഗുരുത്വാകർഷണമായിരിക്കും ഈ ഹോട്ടലിലും സഞ്ചാരികൾക്ക് അനുഭവിക്കാനാവുക.

വൃത്താകൃതിയിൽ ലോഹത്തിലാണ് നിർമാണം. ബഹിരാകാശ ഹോട്ടലിന് പുറത്തേക്ക് സജ്ജീകരിച്ചിട്ടുള്ള പ്രത്യേക ഭാഗങ്ങളിൽ സഞ്ചാരികൾക്കും ശാസ്ത്രജ്ഞർക്കും ബഹിരാകാശ ഗവേഷണത്തിനുമുള്ള അവസരമുണ്ടാവും. ബഹിരാകാശ ഹോട്ടലിന്റെ 24 ഭാഗങ്ങളാണ് അതിഥികൾക്കായി നീക്കിവെക്കുക. ബാക്കിയുള്ള ഭാഗങ്ങൾ സർക്കാരുകൾക്കോ സ്വകാര്യ കമ്പനികൾക്കോ വാടകയ്ക്കോ സ്വന്തമായോ നൽകാനും പദ്ധതിയുണ്ട്.




| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ \| ഡിജിറ്റൽ \| ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ - Rs. 250 മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |



# തീയ്ക്കായി സൂക്ഷിച്ച ലോകം

*"അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീയ്ക്കായി സൂക്ഷിച്ചും..." (2 പത്രാസ് 3:6,7).*

ഇന്നത്തെ ഈ ആകാശവും ഭൂമിയും തീയ്ക്കായി സൂക്ഷിച്ചിരിക്കുകയാണ്. ഈ യാഥാർത്ഥ്യം കേവലം ഒരറിവായല്ലാതെ ഒരു വെളിപ്പാടായി (revelation) നമുക്കു ലഭിച്ചിരുന്നെങ്കിൽ!... എങ്കിൽ ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടിൽ വ്യത്യാസം ഉണ്ടാകുമായിരുന്നു. നമ്മുടെ മുൻഗണനകൾ മാറുമായിരുന്നു.

നോഹയുടെ കാലത്ത് ഭൂമി വെള്ളത്താൽ നശിപ്പിക്കപ്പെട്ടതിന്റെ ചരിത്രം ബൈബിളിലെ ആദ്യ പുസ്തകമായ ഉൽപത്തിയുടെ ആറ്, ഏഴ് അധ്യായങ്ങളിൽ നാം വായിക്കുന്നു. ഇപ്പോഴത്തെ പ്രളയാനന്തരഭൂമിയും നശിപ്പിക്കപ്പെടും. പക്ഷേ അതു ജലത്താലല്ല തീയാലാണ്. അതുകൊണ്ടുതന്നെ ഈ ഭൂമിയും ആകാശവും ഉൾപ്പെടുന്ന ലോകത്തെക്കുറിച്ചു യാഥാർഥ്യബോധത്തോടെ നമുക്കു പറയാവുന്നത് ഒരു കാര്യമാണ്. ഇത് തീയ്ക്കായി സൂക്ഷിച്ചിരിക്കുന്ന (Reserved for fire) ലോകമാണ്.



ഈ ലോകം ഒരിക്കൽ വെന്തഴിയും എന്ന പൊതുവായ അറിവിന് അപ്പുറത്ത് അത് ആത്മനിഷ്ഠമായ (Subjective) ഒരു തലത്തിൽ നാം കണ്ടെത്തിയിട്ടുണ്ടോ? നമ്മുടെ ഈ ഭൂമി, നാം കാലുറപ്പിച്ചിരിക്കുന്ന ഈ മണ്ണ്, നാം പാർക്കുന്ന വീട്, യാത്രചെയ്യുന്ന വാഹനം, നമ്മുടെ ബിസിനസ്സ് ചുരുക്കത്തിൽ നാം 'നമ്മുടെ ലോകം' എന്നു വിവക്ഷിക്കുന്നതെല്ലാം ഒരു നാൾ ഒരുപിടി ചാരമാകാനുള്ളതാണെന്ന ബോധ്യം നമുക്കുണ്ടോ? ഉണ്ടായിരുന്നെങ്കിൽ നാം ഇതിനെ ഇത്രത്തോളും മുറുകെപ്പിടിക്കുമായിരുന്നോ? ഇത്രത്തോളം വില മതിക്കുമായിരുന്നോ?.

ഈ ലോകം നശ്വരമാണന്നൊക്കെ പറയാറുണ്ടെങ്കിലും നമ്മുടെ മനോഭാവങ്ങളും മുൻഗണനകളും കണ്ടാൽ നാം യഥാർത്ഥത്തിൽ അതു വിശ്വസിക്കുന്നതായി തോന്നുകയില്ല. പക്ഷേ നാം വിശ്വസിച്ചാലും ഇല്ലെങ്കിലും അതു സംഭവിക്കും. കാരണം, ഈ ആകാശവും ഭൂമിയും തീയ്ക്കിരയാകും എന്നതിനെ നോഹയുടെ കാലത്തു ലോകം ജലപ്രളയത്തിൽ മുങ്ങിനശിച്ചു എന്നതിനോടു ബന്ധപ്പെടുത്തിയാണു പത്രോസ് പറഞ്ഞിരിക്കുന്നതെന്നതു ശ്രദ്ധിക്കുക. അന്നത്തെ ലോകത്തിന് അതു സംഭവിച്ചെങ്കിൽ ഇന്നത്തെ ലോകവും അതേ വചനത്താലാണു നാശത്തിനായി സൂക്ഷിക്കപ്പെട്ടിരിക്കുന്നത്.

അന്നത്തെ ഭുമി ജലപ്രളയത്താൽ നശിപ്പിക്കുമെന്നു പറഞ്ഞതു ആരും കാര്യമായെടുത്തില്ലെങ്കിലും അതു വിശ്വസിക്കാൻ ഒരുവൻ തയ്യാറായി-നോഹ, തന്റെ കാലഘട്ടത്തിൽ ചുറ്റുമുള്ളവരുടെ പരിഹാസച്ചിരി കണക്കിലെടുക്കാതെ നോഹ ദൈവത്തെ വിശ്വസിച്ചു, അനുസരിച്ചു. അതിനാൽ ഒടുവിൽ 'അവസാനത്തെ ചിരി' നോഹയുടേതായി.

ഇന്നത്തെ ലോകം തീയ്ക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നുവെന്ന ദൈവവചനം വിശ്വസിച്ച് നോഹയെപ്പോലെ നാമും ആ വിശ്വാസത്തിനനുസരിച്ചു ജീവിതത്തെ ക്രമപ്പെടുത്തിയാൽ നമ്മേയും കാത്തിരിക്കുന്നതു മറ്റുള്ളവരുടെ പരിഹാസമായിരിക്കും. പക്ഷേ മടുത്തുപോകരുത്. നോഹയെപ്പോലെ 'അവസാനത്തെ ചിരി'യുടെ അവകാശം നമുക്കായിരിക്കും.

നോഹയുൾപ്പെടെ 'അല്പജനം എന്നുവച്ചാൽ എട്ടുപേർ വെള്ളത്തിൽ കൂടെ രക്ഷപ്രാപിച്ചു'. അവർ മറ്റാരുമായിരുന്നില്ല. നോഹയുടെ ഭാര്യയും ആൺമക്കളും അവരുടെ ഭാര്യമാരുമായിരുന്നു. എങ്ങനെയാണു നോഹയ്ക്കു തന്റെ കുടുംബാംഗങ്ങളെ തന്റെ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്താൻ കഴിഞ്ഞത്? ആ 'നീതിപ്രസംഗി'യുടെ ജീവിതത്തെ ഏറ്റവും അടുത്തുനിന്നു കണ്ട കുടുംബാംഗങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗവും പ്രവൃത്തിയും രണ്ടല്ലെന്നു മനസ്സിലാക്കിയെന്നതല്ലേ വാസ്തവം?. തീയ്ക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഈ ഭൂമിയിൽ നാമും നമ്മുടെ വിശ്വാസം പ്രഘോഷിക്കുന്നവരാണോ? എങ്കിൽ കുറഞ്ഞപക്ഷം നമ്മുടെ കുടുംബത്തെയെങ്കിലും നമുക്കു നേടുവാൻ കഴിയണം. വാക്കും പ്രവൃത്തിയും ഒന്നായിരുന്നാൽ നമുക്കതു സാധിക്കുകയില്ലേ?

വെള്ളത്താൽ നശിച്ചുപോകുന്നതാണു താൻ വസിക്കുന്ന ഈ ഭൂമി എന്ന തിരിച്ചറിവ് നോഹയെ ചില നിലപാടുകളിലേക്കു നയിച്ചതിനെക്കുറിച്ച് ഉൽപത്തി പുസ്തകത്തിൽ നാം കാണുന്നു. നശിച്ചുപോകുന്ന ഈ ഭൂമിയിൽ തന്റെ പ്രയത്നം പാഴാക്കാൻ അദ്ദേഹം ഒരിക്കലും തുനിഞ്ഞില്ല. (നോഹ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കിയത് പ്രളയാനന്തര ഭൂമിയിലായിരുന്നു എന്ന കാര്യം ഓർക്കുക), മാത്രമല്ല, ആ ഭൂമിയിലെ വിഭവങ്ങളെ പുതിയ ഭൂമിയിലേക്കുള്ള പ്രയാണത്തിന് അസംസ്കൃത വസ്തുക്കളായി അദ്ദേഹം ഉപയോഗിക്കുകയാണ് ചെയ്തത്. (വെള്ളത്താൽ നശിപ്പിക്കപ്പെടാൻ പോകുന്ന ഭൂമിയിലെ ഗോഫർ മരങ്ങളാണല്ലോ നോഹ പെട്ടകം പണിക്കായി ഉപയോഗിച്ചത്.)

ഇപ്പോഴത്തെ ഈ ഭൂമിയുടെ നാശവും അനിവാര്യമാണെന്നു തിരിച്ചറിഞ്ഞാൽ നോഹയെപ്പോലെ ഈ ലോകത്തെ സംബന്ധിച്ച കാര്യങ്ങളോടു നാമും ഒരു നിലപാടെടുക്കും. സംശയമില്ല. അപ്പോൾ നാം നമ്മുടെ പ്രയത്നങ്ങളെ 'ഈ മണ്ണി'നു വേണ്ടി പാഴാക്കുകയില്ല. ഈ ഭൂമിയിലെ വിഭവങ്ങളെ നിത്യതയിലെ നിക്ഷേപത്തിനുള്ള അസംസ്കൃത വസ്തുക്കളായി നാമും ഉപയോഗപ്പെടുത്തും, ഇന്നു നമ്മുടെ കൈയിലുള്ള വിഭവങ്ങൾ എന്തെല്ലാമാണ്? സമയം, കഴിവുകൾ, പണം, അവസരങ്ങൾ തുടങ്ങിയവയാണവ. ഈ ലോകം തീയ്ക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യമുണ്ടെങ്കിൽ ഇവയൊക്കെ നിത്യതയെ പണിയാനുള്ള അസംസ്കൃത വസ്തുക്കളായി നാം ഉപയോഗിക്കും.

തീകൊണ്ടുള്ള ഈ ന്യായവിധി ഭൗതികകാര്യങ്ങളെ സംബന്ധിച്ചു മാത്രമല്ല പ്രസക്തമായിരിക്കുന്നത്. ആത്മീയമെന്നും ക്രിസ്തീയമെന്നും നാം കരുതുന്ന പ്രവർത്തനങ്ങൾക്കും ഇതു ബാധകമാണെന്ന് 1 കൊരിന്ത്യർ 3:11-15 വ്യക്തമാക്കുന്നു. ഇവിടെ രണ്ടുവിധത്തിലുള്ള ക്രിസ്തീയ പ്രവർത്തനങ്ങളെക്കുറിച്ചാണു വിവരിച്ചിരിക്കുന്നത്. മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ടുള്ള എല്ലാവരുടേയും ദൃഷ്ടിയിൽ അഭിനന്ദനീയമായ, വലിപ്പത്തിൽ ഊന്നിയുള്ള (Quantitative) ക്രിസ്തീയ പ്രവർത്തനങ്ങളാണ് ഒന്ന്. മറ്റേതാകട്ടെ, പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നിവ കൊണ്ടുള്ള ആളുകളുടെ ദൃഷ്ടിയിൽനിന്നു മറഞ്ഞിരിക്കുന്ന, ഗുണത്തിൽ ഊന്നിയുള്ള (Qualitiative) പണി. ഇതിൽ ആദ്യം പറഞ്ഞത് തീയ്ക്ക് ഇരയായി ഒരു പിടി ചാരമായിത്തീരുമ്പോൾ രണ്ടാമതു പറഞ്ഞത് തീയിൽക്കൂടി കടന്നുപോയാലും നശിക്കാതെ നിത്യതയിലെ ഈടുവയ്പായിത്തീരും. നാം ഇതിൽ ഏതു പണിയിലാണ് ഏർപ്പെട്ടിരിക്കുന്നത്?

ആത്മീയ, ഭൗതിക കാര്യങ്ങൾ എല്ലാം ചേർന്ന നമ്മുടെ ഈ ലോകം ഒരുനാൾ അതിന്റെ അനിവാര്യമായ ദുരന്തം ഏറ്റുവാങ്ങുമ്പോൾ നമുക്കു ഖേദിക്കണ്ടതായി വരുമോ?

ഈ മുന്നറിയിപ്പിനെ ഗൗരവമായിക്കാണാം. നമ്മുടെ ഈ ലോകം തീയ്ക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്നതാണെന്ന തിരിച്ചറിവോടെ നമുക്കു ജീവിക്കാം.



# ഗുസ്തിയും ജീവിതവിജയവും



ആധുനിക മനുഷ്യന്റെ ഊർജ്ജത്തിൽ ബഹുഭൂരിപക്ഷവും ചിലവഴിക്കപ്പെടുന്നത് ഗുസ്തി പിടിക്കാനാണെന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. കാരണം ആന്തരികമായും ബാഹ്യമായുമുള്ള സംഘർഷങ്ങളും സംഘട്ടനങ്ങളും നിറഞ്ഞതാണ് ഇന്നത്തെ മനുഷ്യജീവിതം, വീട്ടിൽ ഗുസ്തി, ജോലി സ്ഥലത്ത് ഗുസ്തി, പ്രാർത്ഥനയിൽ പോലും ഗുസ്തി. അങ്ങനെ ഈ ഗുസ്തികളിൽ ജയിച്ചില്ലെങ്കിൽ ജീവിതവിജയം അസാധ്യം എന്ന തോന്നൽ പോലും മനസ്സുകളിൽ രൂഢമൂലമായിട്ടുണ്ട്, ഗുസ്തിപിടിക്കേണ്ട എന്നു വിചാരിച്ച് ഒതുങ്ങിക്കൂടിയാലും ഇങ്ങോട്ട് ചാടിവന്ന് മറ്റുള്ളവർ ഗുസ്തിപിടിക്കും. പിന്നെന്താ ചെയ്യുക?



പക്ഷേ ഒരു കാര്യം നാം ഓർക്കണം. ഗുസ്തി പിടിത്തത്തിനിടയിൽ നഷ്ടപ്പെട്ടു പോകുന്നത് നമ്മുടെ ജീവിതവും അതിന്റെ മനോഹാരിതയുമാണ്. ചിലരുടെ ദാമ്പത്യജീവിതം എന്നുപറയുന്നത് തുടക്കം മുതൽ ഒടുക്കം വരെ ഗുസ്തി മാത്രമാണ്. ഇതിനിടയിൽ എപ്പഴാ ജീവിക്കാൻ സമയം? ഒരു ക്രിസ്ത്യാനി തനിക്കുവേണ്ടി യുദ്ധം ചെയ്യാനുള്ളവനല്ല. അവന്റെ യുദ്ധം ദൈവരാജ്യത്തിനു വേണ്ടിയാണ്, സ്വന്തം താല്പര്യങ്ങൾക്കും നിലനിൽപ്പിനും വേണ്ടി ഗുസ്തി പിടിച്ചുകൊണ്ടിരിക്കുന്നവന് ആത്മീയ ശുശ്രൂഷയിൽ യുദ്ധം ചെയ്യാൻ കഴിവുണ്ടായിരിക്കുകയില്ല.

തമ്മിൽ തമ്മിൽ യുദ്ധം ചെയ്തു കളയുന്ന ഊർജ്ജവും സമയവും മാത്രം മതി ജീവിതത്തിൽ ഉയരാനും, വളരാനും. പക്ഷേ പലർക്കും ഒരു സംശയം ഉണ്ടാകാം. മത്സരിച്ചില്ലെങ്കിൽ, ഗുസ്തി പിടിച്ചില്ലെങ്കിൽ നാം പിന്നിലായിപ്പോവുകയില്ലേ? മറ്റുള്ളവർ നമ്മെ തകർക്കില്ലേ? ഇല്ല എന്നാണ് അതിനുള്ള ഉത്തരം. നമ്മുടെ ജീവിതം പൂർണ്ണമായും ദൈവത്തിനു വിട്ടുകൊടുത്തു കഴിയുമ്പോൾ നമുക്കു വേണ്ടി യുദ്ധം ചെയ്യാൻ ദൈവമുണ്ടാകും. 1 ശമു. 17:47-ൽ ഇങ്ങനെ വായിക്കുന്നു: "കർത്താവ് വാളും കുന്തവും കൊണ്ടല്ല രക്ഷിക്കുന്നതെന്ന് ഈ ജനതതി മനസ്സിലാക്കും. ഈ യുദ്ധം കർത്താവിന്റേതാണ്." ആവർത്തനം 1:29-30-ൽ മോശ ഇപ്രകാരം ഇസ്രായേൽ ജനത്തോട് പറയുന്നു: "നിങ്ങൾ പരിഭ്രമിക്കേണ്ട; അവരെ ഭയപ്പെടുകയും വേണ്ടാ. നിങ്ങളുടെ മുമ്പേ പോകുന്ന ദൈവമായ കർത്താവ് .... നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും." ഈ സത്യം ബോധ്യപ്പെടാത്തതുകൊണ്ടാണ് നാം തമ്മിൽ തമ്മിൽ യുദ്ധോത്സുകരായി മാറിയത്. നമ്മുടെ ജീവിതപ്രശ്നങ്ങളിൽ ഇടപെടാനും നമുക്കുവേണ്ടി സംസാരിക്കാനും പടപൊരുതാനും യുദ്ധവീരനായ യഹോവ ഉണ്ടെന്ന് തിരിച്ചറിയുമ്പോൾ നാം ശാന്തതയുള്ളവരായിത്തീരും. പക്ഷേ നമ്മുടെ സ്വന്തം യുദ്ധമുറകൾ പിൻവലിച്ചാലേ ദൈവം നമുക്കുവേണ്ടി യുദ്ധം ചെയ്യുകയുള്ളു. മറ്റൊരു പ്രധാനപ്പെട്ട കാര്യം ദൈവം നമ്മുടെ പക്ഷത്താണെങ്കിൽ ആർക്കും നമ്മെ കീഴ്പ്പെടുത്താൻ കഴിയില്ല എന്നത് യാഥാർത്ഥ്യമാണ്. വേറൊരു വിധത്തിൽ പറഞ്ഞാൽ ദൈവം തോല്പിച്ചാലെ നാം തോൽക്കുകയുള്ളു. മനുഷ്യനു നമ്മോട് ഒന്നും ചെയ്യാൻ കഴിയില്ല. പക്ഷേ ഇതൊക്കെ യാഥാർത്ഥ്യമാകണമെങ്കിൽ നാം ദൈവത്തിന്റെ പക്ഷത്തായിരിക്കണം. നമ്മുടെ ജീവിതം മുഴുവനും ദൈവകരങ്ങളിൽ സമർപ്പിച്ചതായിരിക്കണം. ദൈവത്തിന് സമർപ്പിച്ച വസ്തു ദൈവത്തിന്റേതാണ്. അതിനെ കാത്തുസൂക്ഷിക്കാനായി പടപൊരുതേണ്ടത്, ആ വസ്തുവല്ല, പ്രത്യുത, ദൈവമാണ്, ജീവിതബന്ധങ്ങൾ ഒരു രണഭൂമിയായി മാറുന്നതിന്റെ അർത്ഥം നമ്മുടെ സമർപ്പണം അപൂർണ്ണമാണെന്നാണ്. ദൈവഹിതത്തിന് കീഴടങ്ങാനും, ദൈവരാജ്യം അന്വേഷിക്കാനും കഴിയാത്തവർ എപ്പോഴും എല്ലാവരോടും യുദ്ധം ചെയ്യുന്നവരായിരിക്കും. ഭയത്താൽ പീഡിപ്പിക്കപ്പെടുന്ന അവരുടെ അരക്ഷിതാവസ്ഥയാണ് സമരവാസനയായി പുറത്തുവരുന്നത്. നമ്മെ വളർത്തുന്നതും ഉയർത്തുന്നതും ദൈവമാണെന്ന് ബോധ്യമുള്ളയാൾ പിന്നീടൊരിക്കലും ഉയരാനും വളരാനുമായി മറ്റുള്ളവരോട് ഗുസ്തിപിടിക്കില്ല. തനിക്കുവേണ്ടി പൊരുതുവാൻ ഒരു ദൈവമുണ്ടെന്ന് തിരിച്ചറിയുന്നവരും ഗുസ്തിയിൽ നിന്നൊഴിഞ്ഞുനിൽക്കും, ചുരുക്കത്തിൽ യഥാർത്ഥമായ ദൈവവിശ്വാസമില്ലായ്മയാണ് ഗുസ്തിപിടിത്തത്തിന്റെ പിന്നിലുള്ളത്. ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസം നമ്മെ ശാന്തരും സമാധാനപ്രിയരുമായി മാറ്റട്ടെ.




# യഥാർത്ഥ സുഹൃത്ത്!

**ഒ**ന്നാം ലോകമഹായുദ്ധം നടക്കുന്ന സമയം, അതിർത്തിക്ക് അപ്പുറവും ഇപ്പുറവുമുള്ള കിടങ്ങുകളിൽ പതിയിരുന്ന് ഭടന്മാർ പരസ്പരം വെടിയുതിർക്കുകയാണ്.

ഇതിനിടെ ഒരു കിടങ്ങിലുണ്ടായിരുന്ന ഭടൻ വെടിയേറ്റ് വിണു. തൊട്ടപ്പുറത്തെ കിടങ്ങിലുള്ള ജിം എന്ന ഭടൻ തന്റെ ചങ്ങാതി വെടിയേറ്റ് വീഴുന്നത് കാണുന്നുണ്ടായിരുന്നു.

ജിം തന്റെ മേലധികാരിയായ ലെഫ്റ്റനന്റിനോട് പറഞ്ഞു. "സർ, അയാളെ നമുക്ക് രക്ഷിക്കണം. വേഗം വരൂ...!"

"ഹും, ശത്രുക്കൾ നിർത്താതെ വെടിവെക്കുകയാ, അവർ തന്റെ തല കണ്ടാൽ വെറുതേ വിടില്ല. മാത്രവുമല്ല അയാൾ മരിച്ചിട്ടുമുണ്ടാവും!"

ലെഫ്റ്റനന്റിന്റെ വാക്കുകൾ കേൾക്കാതെ ജിം തന്റെ സ്നേഹിതന്റെ അടുത്തേക്ക് പാഞ്ഞു. എന്നിട്ട് വെടികൊണ്ടു കിടക്കുന്ന കൂട്ടുകാരനെയും തോളിലിട്ട് തിരികെ ഓടി. പക്ഷേ, ഇതിനിടെ ശത്രുക്കൾ ജിമ്മിനു നേരെയും വെടി ഉതിർത്തു. വെടിയേറ്റ ജിം ചങ്ങതിയെയുംകൊണ്ട് തന്റെ കിടങ്ങിലേക്ക് വീണു.

വെടികൊണ്ട ഭടനെ പരിശോധിച്ചിട്ട് ലെഫ്റ്റനന്റ് ജിമ്മിന്റെ മുഖത്ത് ദയനീയമായി നോക്കി. 'ഞാനപ്പഴേ പറഞ്ഞതല്ലേ താൻ പോയിട്ട് ഒരു പ്രയോജനവും ഉണ്ടാവില്ലെന്ന്!"

ഇതുകേട്ട് ജിം കണ്ണുകളുയർത്തി: "ഒരു പ്രയോജനവും ഇല്ലെന്ന് പറയാനാവില്ല സാർ!"

"എന്തു പ്രയോജനം? ഇയാൾ മരിച്ചു. താങ്കൾക്ക് വെടിയും കൊണ്ടു!", ലെഫ്റ്റനന്റ് ജിമ്മിനെ നോക്കി.

"ഉവ്വ്, സാർ, ഇയാൾ മരിച്ചു. പക്ഷേ, ഞാൻ ചെല്ലുമ്പോൾ ഇയാൾക്ക് ജീവനുണ്ടായിരുന്നു. എന്നെ കണ്ടപ്പോൾ ഇവൻ പറഞ്ഞത് എന്തായിരുന്നെന്നോ? 'ജിം, നീ വരും എന്ന് എനിക്കറിയാമായിരുന്നു' എന്ന്, എന്നെ പ്രതീക്ഷിച്ചു കിടന്ന എന്റെ ചങ്ങാതിയുടെ അടുത്ത് അവസാനമായെങ്കിലും എത്താനായതിൽ എനിക്ക് ആശ്വാസമുണ്ട്. ഒരുപക്ഷേ, ഞാൻ ചെന്നില്ലായിരുന്നെങ്കിൽ മരിക്കുമ്പോൾ ആ വേദന കൂടി അവന്റെ മനസ്സിലുണ്ടാകുമായിരുന്നു!"



ഒന്ന് നിർത്തിയിട്ട് അയാൾ തുടർന്നു: "ശരിയായ സുഹൃത്തുക്കൾ ആപത്തുവരുമ്പോൾ കൈയൊഴിയുകയല്ല, കൈപിടിക്കുകയാണ് വേണ്ടത്!"

ഇതുകേട്ട് ലെഫ്റ്റനന്റ് തലതാഴ്ത്തി.

# കോൺക്രീറ്റ് മാഹാത്മ്യം



**സാ**ധാരണയായി കാലം കടന്നുപോകും തോറും ഓരോ കണ്ടുപിടിത്തവും കൂടുതൽക്കുടുതൽ മികച്ചതാവാറാണ് പതിവ്. എന്നാൽ, കോൺക്രീറ്റിന്റെ കാര്യത്തിൽ മാത്രം അതുണ്ടായിട്ടില്ല! നൂറ്റാണ്ടുകൾക്കു മുൻപ് റോമാക്കാർ നിർമ്മിച്ച കോൺക്രീറ്റിന്റെ കരുത്തിന്റെ ഏഴയലത്തുപോലും വരില്ല ഇന്നത്തെ കോൺക്രീറ്റ്. കടലിലെ ഉപ്പുവെള്ളം ആധുനിക കോൺക്രീറ്റ് കെട്ടിടങ്ങളുടെ ആയുസ്സ് വേഗം തീർക്കും. എന്നാൽ 2,000 വർഷം മുമ്പ് റോമാക്കാർ നിർമ്മിച്ച കടൽഭിത്തികൾ ഇന്നും ഡബിൾ സ്ട്രോങ് ആണ്! കോൺക്രീറ്റ് നിർമ്മാണത്തിൽ അവർ ഉപയോഗിച്ചിരുന്ന സ്പെഷൽ കൂട്ട് ആണ് ഈ കരുത്തിന്റെ രഹസ്യം.



# കിങ്കരൻ വന്ന വഴി

**രാ**ജാവിന്റെയും മറ്റും സേവകരെ 'കിങ്കരൻ' എന്നു വിളിക്കാറില്ലേ? ഈ വാക്ക് എങ്ങനെ വന്നു എന്നറിയാമോ? 'കിം' എന്ന സംസ്കൃതവാക്കിന് 'എന്ത്' എന്നാണ് അർഥം. 'കരോതി' എന്ന വാക്കിന് 'ചെയ്യുന്നു' എന്നും. 'കിംകരോതി'യിൽ നിന്നാണ് 'കിങ്കരൻ' വന്നത്. 'എന്തു ചെയ്യണം' എന്നു ചോദിച്ചുകൊണ്ട് നിർദ്ദേശങ്ങൾ കാത്തു നിൽക്കുന്ന ആൾ എന്നർഥം!



# മിണ്ടാത്ത കുട്ടി



**"ആ** കുട്ടിക്കെന്തോ പ്രശ്നമുണ്ട്. ഇതുവരെ സംസാരിക്കാൻ പഠിച്ചിട്ടില്ല. മിണ്ടാത്ത കുട്ടികൾക്ക് ബുദ്ധി കുറവായിരിക്കും!"

ആൽബർട്ട് എന്ന ആ കുട്ടിയെപ്പറ്റി നാട്ടുകാരെല്ലാം ഇതുതന്നെയാണ് പറഞ്ഞിരുന്നത്.

അങ്ങനെയിരിക്കെ ഒരു ദിവസം രാവിലെ ഭക്ഷണം കഴിക്കാനിരുന്നപ്പോൾ ആൽബർട്ട് പെട്ടെന്നു പറഞ്ഞു: "ഈ സൂപ്പിന് എന്തൊരു ചൂട്!"

വീട്ടുകാർക്കെല്ലാം അത്ഭുതമായി. "നീയെന്താ ഇതുവരെ സംസാരിക്കാതിരുന്നത്?"

"ഇതുവരെ ഒന്നിനും കുഴപ്പമില്ലായിരുന്നു. പിന്നെന്തിനു മിണ്ടണം?" ആൽബർട്ട് പറഞ്ഞു!

മറ്റുള്ളവർ എന്തു പറയുന്നു എന്നതിലല്ല ഓരോരുത്തരുടെയും കഴിവെന്ന് ആൽബർട്ട് പിൽക്കാലത്ത് തെളിയിച്ചു. മഹാശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീനായിരുന്നു ആ കുട്ടി!

# ഭൂമി: സങ്കല്പവും യാഥാർത്ഥ്യവും

**ഭൂമിയുടെ ഒരു വശത്തുനിന്ന് മറുവശത്തേക്ക് തുരങ്കമുണ്ടാക്കി അതിലൂടെ സഞ്ചരിച്ചാൽ എന്ത് സംഭവിക്കും?**

**'ആ** തുരങ്കത്തിൽ ചാടിയാൽ ഭൂമിയുടെ മറുവശത്തുള്ള രാജ്യത്തെത്താം!'

'കടലിൽനിന്നാണ് കുഴിക്കുന്നതെങ്കിൽ വെള്ളം മുഴുവൻ ആ കുഴിയിലൂടെ ചോർന്നുപോയി കടൽ വറ്റും!'

ഭൂമിക്കുള്ളിലൂടെ നേരേ താഴേക്ക് ഒരു തുരങ്കം കുഴിക്കുന്നതിനെപ്പറ്റി ചിന്തിച്ചാൽ ഇങ്ങനെ ചില ചിന്ത കളാവും ആദ്യം നമ്മുടെ മനസ്സിൽ വരിക. എന്നാൽ,







ശരിക്കും അങ്ങനെയൊരു തുരങ്കം കുഴിക്കാൻ നമുക്ക് സാധിക്കില്ല.

ഭൂമിയുടെ ഉള്ളിലേക്ക് കുഴി കുഴിക്കുന്ന പരിപാടി വർഷങ്ങളായി അമേരിക്ക അടക്കം പല രാജ്യക്കാരും ചെയ്യുന്നുണ്ട്. റഷ്യയിലെ കോല സൂപ്പർഡീപ് ബോർഹോൾ ആണ് ഇത്തരത്തിൽ ഭൂമിയിൽ മനുഷ്യൻ കുഴിച്ച ഏറ്റവും ആഴമേറിയ കുഴി. ഏകദേശം 12 കിലോമീറ്റർ നീളമുള്ള ഈ കുഴി കുഴിക്കാൻ 20 വർഷത്തോളം വേണ്ടിവന്നു!

ഇനിയും ആയിരക്കണക്കിന് കിലോമീറ്ററുകൾ കുഴിച്ചാലേ മുകളിൽ പറഞ്ഞതുപോലെ മറുവശത്തെത്തൂ. പക്ഷേ, അതിന് പറ്റിയ ഉപകരണങ്ങളോ സാങ്കേതികവിദ്യയോ ഒന്നും മനുഷ്യന്റെ കൈയിൽ ഇപ്പോഴില്ല. മാത്രമല്ല, ഇങ്ങനെയൊരു തുരങ്കമുണ്ടാക്കാൻ 'ഫിസിക്സിലെ' നിയമങ്ങളൊന്നും സമ്മതിക്കുകയുമില്ല (തുടരും)

# ഒന്നരയടി നീളമുള്ള പേടി!

**വ**ലിയ വാക്കുകളോടുള്ള പേടിയെ വിശേഷിപ്പിക്കാൻ ഇംഗ്ലീഷിൽ ഒരു വാക്കുണ്ട്.

Hippopotomonstrosesquippedaliophobia (ഹിപ്പൊപൊട്ടോമോൺസ്ട്രോസെസക്വിപെഡേലിയോഫോബിയ). ഈ വാക്ക് എങ്ങനെയുണ്ടായി എന്ന് ആർക്കും കൃത്യമായി അറിയില്ല കേട്ടോ.

നീണ്ട വാക്കുകളോടുള്ള പേടി എന്ന അർഥം വരുന്ന Sesquipedalphobia എന്ന ലാറ്റിൻ വാക്കിൽ നിന്നാകാം Hippopotomonstrosesquippedallophobia എന്ന വാക്കുണ്ടായത് എന്ന് കരുതുന്നു. Sesquipedalphobia എന്ന ലാറ്റിൻ വാക്കിന് 'ഒന്നരയടി നീളമുള്ളത്' എന്നാണ് അർഥം. നീളമേറിയ വാക്കുകളെ സാധാരണ Sesquipedalian എന്നാണ് പറയാറ്. ഏതോ രസികൻ വ്യക്തി ഇതിനൊപ്പം ഹിപ്പൊപൊട്ടാമസിനെയും മോൺസ്റ്ററിനെയുമൊക്കെ കൂട്ടിച്ചേർത്ത് ഒരു ഒന്നൊന്നരയടി നീളമുള്ള വാക്കുണ്ടാക്കിയതാവാം.

| | |
|---|---|
| Hippopoto | Monstro |
| Sesquipedalio | Phobia |



# ദൈവസാന്നിധ്യം



**ജീവസന്ദേശം**

ടി.എം. വർഗ്ഗീസ് ഓതറ

ഇന്നത്തെ വിശ്വാസസമൂഹം കഷ്ടങ്ങളിൽ നിന്നുള്ള വിടുതലിലൂടെ മാത്രം ലഭിക്കുന്ന സമാധാനം, സന്തോഷം, ധൈര്യം എന്നിവയെക്കുറിച്ചു മാത്രമാണു വാചാലരാകുന്നത്. എന്നാൽ കഷ്ടങ്ങളുടെ നടുവിലും സമാധാനവും ധൈര്യവും നൽകുന്ന ദൈവസാന്നിധ്യത്തെക്കുറിച്ചാണ് വചനം പറയുന്നത്. ഇരച്ചു കലങ്ങുന്ന വെള്ളങ്ങളുടെ നടുവിലും ശാന്തമായി ഒഴുകുന്ന സന്തോഷത്തിന്റെ നദിയാണു നമുക്കുള്ളത്. അതിലാണു നമ്മുടെ ധൈര്യം. ദൈവത്തിന്റെ ഈ പ്രവർത്തനവിധം നമുക്കു സമാധാനം ഉണ്ടാകേണ്ടതിനു കർത്താവ് വിശദീകരിച്ചിരിക്കുന്നതു നമുക്കു യാഥാർത്ഥ്യബോധം നൽകട്ടെ!

കർത്താവിന്റെ സാന്നിധ്യം നൽകുന്ന ഉറപ്പിനെപ്പറ്റി ഒരു ദൈവഭൃത്യൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: 'ഈ ലോകത്ത് ലോകമനുഷ്യർക്കും പ്രശ്നങ്ങളും കഷ്ടങ്ങളുമുണ്ട്. യഥാർത്ഥ ക്രിസ്ത്യാനികൾക്കും കഷ്ടങ്ങളും പ്രശ്നങ്ങളുമുണ്ട്. പിന്നെന്താണു വ്യത്യാസം? ഒരു വ്യത്യാസമേയുള്ളു: നമുക്കു പ്രശ്നങ്ങളുടെ നടുവിലും കർത്താവുണ്ട്. ലോകമനുഷ്യർക്ക് അതില്ല.' ശരിയല്ലേ? രണ്ടു കൂട്ടരും തമ്മിൽ ഒരേയൊരു വ്യത്യാസം മാത്രം. എന്നാൽ അതു ചെറുതല്ല, വലിയ വ്യത്യാസം തന്നെയാണ്. അതുള്ളതുകൊണ്ടാണ്, വിശ്വാസിക്കു 'കഷ്ടതയിലും പാടുവാനും നഷ്ടമതിൽ കൊണ്ടാടുവാനും കഴിയുന്നത്. കാരാഗൃഹത്തിൽ അർദ്ധരാത്രിയിൽ 'സന്തുഷ്ടരായി ദൈവത്തെ പാടിസ്തുതിക്കുവാൻ' സാധിക്കുന്നത് ദൈവസാന്നിധ്യത്തിന്റെ ഈ ആന്തരിക ഉറവ നൽകുന്ന ചൈതന്യത്തിലാണ്.



ധൈര്യവും സമാധാനവും നൽകുന്ന സന്തോഷത്തിന്റെ ആന്തരിക ഉറവയായ ഈ ജീവജലനദി എവിടെ നിന്നാണു പുറപ്പെടുന്നത്? സെഖര്യാവ് അതിനെ യെരുശലേമിൽ നിന്നു പുറപ്പെടുന്നതായാണു കാണുന്നത് (14:8). യോവേൽ ഒരു പടികൂടി കടന്ന് അതു യെരുശലേമിലെ ദേവാലയത്തിൽ നിന്നു തന്നെ പുറപ്പെടുന്നതായി കാണുന്നു (3:18). ദേവാലയത്തിലെ ഉമ്മരപ്പടിയുടെ താഴെ നിന്ന് അത് ഒഴുകി വരുന്നതായാണ് യെഹസ്കേൽ കാണുന്ന ദർശനം (47:1). ബൈബിളിലെ അവസാന അധ്യായത്തിലേക്കു വരുമ്പോൾ യോഹന്നാൻ അതിനെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നുതന്നെ ഉത്ഭവിക്കുന്നതായി കാണുന്നു (വെളി. 22:1) സെഖര്യാവു മുതൽ യോഹന്നാൻ വരെയുള്ളവർക്ക് പടിപടിയായി വർധിച്ചുവരുന്ന വെളിപ്പാടാണ് ഈ ജീവജലനദിയുടെ ഉത്ഭവത്തെക്കുറിച്ചു ലഭ്യമാകുന്നത്.

യെരുശലേമിലെ ദേവാലയത്തിലെ ഉമ്മറപ്പടിയുടെ താഴെനിന്നു പുറപ്പെടുന്നതായി കാണുന്ന ഈ ജീവജലപ്രവാഹം വാസ്തവത്തിൽ ദൈവസിംഹാസനത്തിൽ നിന്നു തന്നെയാണ് ഉത്ഭവിക്കുന്നത്. ഈ നദി കഷ്ടതകളുടെ നടുവിൽ നമ്മുടെ ആന്തരിക ഊർജമാണ്. ആത്മാവിൽ നമ്മെ ശക്തിപ്പെടുത്തുന്ന, സമാധാനം നൽകുന്ന, സന്തോഷം പ്രദാനം ചെയ്യുന്ന ഒരു ആന്തരിക സ്രോതസ്സാണ്. തുടർന്നു വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നുതന്നെ പുറപ്പെടുന്ന ഈ ജീവജലനദി (യോഹ.7:38) നമ്മിൽ ഒരു സജീവസാന്നിധ്യമാണ്; ആയിരിക്കണം.

സജീവമായ ഈ ദൈവസാന്നിധ്യത്തെക്കുറിച്ച് 'സൈന്യങ്ങളുടെ യഹോവ നമ്മോടു കൂടെയുണ്ട്, യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗമാകുന്നു' എന്നു കോരഹ് പുത്രന്മാർ സങ്കീർത്തനത്തിൽ രണ്ടിടത്ത് ഒരേപോലെ പറഞ്ഞിരിക്കുന്നു (46:7,11 വാക്യങ്ങൾ കാണുക). 'സൈന്യങ്ങളുടെ യഹോവ' എന്നു ദൈവത്തെ സംബോധന ചെയ്യുമ്പോൾ അതു ദൈവത്തിന്റെ ശക്തിയെയാണു സൂചിപ്പിക്കുന്നത്. 'യാക്കോബിന്റെ ദൈവം' എന്ന പ്രയോഗം ദൈവം ഉടമ്പടിയുടെ ദൈവമാണെന്നും കാണിക്കുന്നു. മൂന്നാമത് ഈ വാക്യത്തിൽ 'ദൈവം നമ്മോടുകൂടെ' എന്നു പറഞ്ഞിരിക്കുന്നത് അവിടുന്ന് 'ഇമ്മാനുവേൽ' ആണെന്നതിലേക്കും വിരൽ ചൂണ്ടുന്നു. അപ്പോൾ ദൈവം സൈന്യങ്ങളുടെ യഹോവയായി, യാക്കോബിന്റെ ദൈവമായി, ഇമ്മാനുവേലായി നമ്മോടൊപ്പമുണ്ട്. സൈന്യങ്ങളുടെ യഹോവ എന്ന നിലയിൽ അവിടുന്നു ശക്തനാണ്. പക്ഷേ നാം ആഗ്രഹിക്കുന്ന വിധത്തിലായിരിക്കുകയില്ല താൻ ശക്തി വെളിപ്പെടുത്തുന്നത്. ദൈവം ഉടമ്പടിയുടെയും ദൈവമാണ്. ഏതു സാഹചര്യത്തിലും ദൈവം ഇമ്മാനുവേലായി നമ്മോടൊപ്പമുണ്ട്. ഇതേ സമയം കഷ്ടങ്ങളുടെ നടുവിലാണ് ആ സാന്നിധ്യം പലപ്പോഴും നമുക്കു സജീവമായി മാറുക. 'കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണ' എന്നാണല്ലോ സങ്കീർത്തനക്കാരന്റെ സാക്ഷ്യം (46:1).

2 കൊരിന്ത്യർ 7:4-6 വാക്യങ്ങളിൽ പൗലൊസ് തന്റെ ഒരനുഭവം പങ്കുവയ്ക്കുന്നതും ഇവിടെ പ്രസക്തമാണെന്നു തോന്നുന്നു. മക്കദോന്യയിൽ എത്തിയശേഷം എല്ലാവിധത്തിലും കഷ്ടമാണു തങ്ങൾക്കുള്ളതെന്നു പൗലൊസ് ഇവിടെ പറയുന്നു. പുറത്തു യുദ്ധം, അകത്തു ഭയം. ജഡത്തിനും ഒട്ടും സുഖമില്ല. ഈ സാഹചര്യത്തിൽ പൗലൊസ് എളിമപ്പെട്ടു. ഫലം എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം അവരെ ആശ്വസിപ്പിച്ചു. പൗലൊസ് ആശ്വാസം കൊണ്ടു നിറഞ്ഞു. കഷ്ടതയുടെ നടുവിലും സന്തോഷം തനിക്കു നിറഞ്ഞുകവിഞ്ഞു.

നോക്കുക; കഷ്ടത പരിഹരിച്ചിട്ടല്ല പൗലൊസിന് ഇവിടെ സന്തോഷവും ആശ്വാസവും ദൈവം കവിയുമാറാക്കിയത്. കഷ്ടതയുടെ നടുവിലും തന്റെ സാന്നിധ്യത്തിന്റെ നിറവുകൊണ്ട് അവനെ ധന്യനാക്കാൻ ദൈവം ആഗ്രഹിച്ചു. പക്ഷേ ദൈവത്തിന്റെ പ്രത്യേകത അവിടുത്തേക്ക് എളിയവരെ മാത്രമേ ആശ്വസിപ്പിക്കാൻ കഴിയുകയുള്ളു എന്നതാണ്. ഇതിനെക്കുറിച്ചുള്ള ബോധ്യം പൗലോസിനെ എളിമയിലേക്കും ബലഹീനതയിലേക്കും നയിച്ചു. തുടർന്ന് എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം അവനെ സന്തോഷവും ആശ്വാസവുംകൊണ്ടു നിറച്ചു. ഇരെച്ചുകലങ്ങുന്ന വെള്ളത്തിന്റെ പ്രക്ഷുബ്ധതയ്ക്കു നടുവിലും ഒരു നദിയുടെ സാന്ത്വനം പൗലോസിനെ തേടിവന്നു. പൗലൊസിന്റെ ഇപ്പോഴത്തെ സാക്ഷ്യം ഇങ്ങനെ: 'ഞാൻ ആശ്വാസം കൊണ്ടു നിറഞ്ഞിരിക്കുന്നു. ഞങ്ങളുടെ സകല കഷ്ടതയിലും സന്തോഷം എനിക്കു കവിഞ്ഞിരിക്കുന്നു.' (2 കൊരി. 7:14)

കഷ്ടതകളുടെയും നിന്ദകളുടെയും പരിഹാസങ്ങളുടെയും എതിർപ്പുകളുടെയും മലവെള്ളപ്പാച്ചിലിനിടയിൽ കോരഹ് പുത്രന്മാരെപ്പോലെ നമുക്കും പാടാം: 'ഒരു നദിയുണ്ട്. അതിന്റെ തോടുകൾ... സന്തോഷിപ്പിക്കുന്നു.'



# ഊഷരഭൂമിയിലെ വസന്തകാലം



ഇസ്രായേലിലെ മരുഭൂമികൾ പുഷ്പാലംകൃതമാകുന്ന വസന്തകാലം സമാഗമമായിരിക്കുന്നു. ഇസ്രായേലിൽ മൂന്നു പ്രധാന മരുഭൂമികളാണുള്ളത്. ജോർദാൻ സമതലത്തോടു ചേർന്നുകിടക്കുന്ന സമരിയൻ മരുഭൂമിയും ജെറുസലെമിനു കിഴക്കുള്ള യൂദയൻ മരുഭൂമിയും യൂദയൻ മലനിരകൾക്കു തെക്കായി കിടക്കുന്ന നെഗെവ് മരുഭൂമിയും. നെഗെവ് മരുഭൂമിയുടെ ഭാഗങ്ങളാണ് സിൻ, പാറാൻ എന്നിങ്ങനെ അറിയപ്പെടുന്നത്. ഈ പേരുകളെല്ലാം ബൈബിളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളവയാണ്.

നെഗെവിൽ അബ്രാഹമും ഇസഹാക്കും താമസിച്ചിട്ടുണ്ട്. മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനത സിൻ മരുഭൂമിയിലൂടെ കടന്നുപോയി. ദാവീദ് യൂദയൻ, പാറാൻ മരുഭൂമികളിൽ ഒളിച്ചുപാർത്തു. യൂദയായിലെ മലമ്പ്രദേശത്താണ് എലിസബത്തും സഖറിയായും താമസിച്ചിരുന്നത്. ആ മലനാട്ടിലെങ്ങും യോഹന്നാന്റെ ജനനവാർത്ത സംസാരവിഷയമായി. യൂദയൻ മരുഭൂമിയിലാണ് യേശു പ്രലോഭിപ്പിക്കപ്പെട്ടതും. ഇക്കാരണങ്ങളാലാണല്ലോ ഇസ്രായേൽ വിശുദ്ധനാട് എന്നറിയപ്പെടുന്നത്.



ഇസ്രായേലിലെ മരുഭൂമികൾ മണൽക്കാടുകളല്ല, കല്ലുകൾ നിറഞ്ഞ കുന്നുകളുടെ നിമ്നോന്നതങ്ങൾ ചക്രവാളം വരെ നീളുന്ന ഊഷരഭൂമിയാണ്. പത്തുമാസവും മഴയോ പച്ചപ്പോ ഇല്ലാത്ത വരണ്ട ഭൂമി. പകൽ കൊടുംചൂടും രാത്രിയിൽ തണുപ്പും. എന്നാൽ ഹേമന്തത്തിനുശേഷം, ശൈത്യകാലമഴ കിട്ടിക്കഴിഞ്ഞ് വസന്താഗമനത്തിൽ ഈ മരുഭൂമികളെല്ലാം പച്ചപ്പട്ടണിയും.

വസന്തകാലവൃഷ്ടിയേറ്റ് ഉള്ളം കുളിർന്ന മരുഭൂമി ഒരു വർഷം മുഴുവൻ കാത്തുവച്ചിരുന്ന വിത്തുകളെ മുളപ്പിക്കും. മരുഭൂമി മലർവാടിയാകും. പ്രകൃതിയുടെ സമസ്ത നിറഭംഗികളും വസന്തോത്സവത്തിനായി സംഗമിക്കുന്ന പൂക്കാലം! ഒരു ചതുരശ്രമീറ്ററിൽ ഏറ്റവും വ്യത്യസ്തമായ ഇനങ്ങളിൽപ്പെട്ട ഏറ്റവുമധികം പൂക്കൾ വിരിയുന്നതിനുള്ള റിക്കോർഡ് നെഗെവ് മരുഭൂമിക്കാണ്. മരുഭൂമി അതിവേഗം മരുപ്പച്ചയാകുന്നതിന്റെ ഈ സുന്ദരദൃശ്യം ബൈബിളിലെ പ്രവാചകന്മാർ കാണുന്നത് ആസന്നമായ വിമോചനത്തിന്റെയും ഐശ്വര്യത്തിന്റെയും സൂചനയായാണ്. പുഷ്പിക്കുന്ന ബദാം ശിഖരം കാണുന്ന യിരെമ്യാവിന് തന്റെ വാക്കുകൾ സാക്ഷാത്കരിക്കാൻ താൻ താമസം വരുത്തുകയില്ലെന്ന ദൈവിക അരുളപ്പാടുണ്ടാകുന്നു. ശൈത്യകാലനിദ്രയ്ക്കുശേഷം തിരക്കുകൂട്ടി ആദ്യം പുഷ്പിക്കുന്നത് ബദാം മരമാണ്. (ജാഗ്രതാവൃക്ഷം എന്നു മലയാള വിവർത്തനം).

ഏശയ്യാ പ്രവാചകൻ പറയുന്നു: 'വിജനദേശവും വരണ്ട പ്രദേശവും സന്തോഷിക്കും. മരുഭൂമി ആനന്ദിക്കുകയും പുഷ്പിക്കുകയും ചെയ്യും. കുങ്കുമച്ചെടിപോലെ, സമൃദ്ധമായി പൂവിട്ട് അതു പാടി ഉല്ലസിക്കും. ലബനോന്റെ മഹത്വവും കർമ്മേലിന്റെയും ഷാരോന്റെയും പ്രതാപവും അതിനു ലഭിക്കും' (35:12).

യൂദയ, സമരിയ പ്രദേശങ്ങൾ ഒന്നിക്കുന്ന 'സങ്കീർത്തനങ്ങളുടെ താഴ്‌വര' വസന്തകാലത്ത് ഹൃദയാവർജ്ജകമായിത്തീരുന്നു. ദാവീദ് രാജാവ് ആടുകളെ മേച്ചിരുന്നതും തന്റെ കിന്നരം മീട്ടിയിരുന്നതും ദൈവസ്തുതികൾ സങ്കീർത്തനങ്ങളായി വാർന്നൊഴുകിയതും ഇവിടെവച്ചാണത്രെ.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ



തുടർച്ച

**വെളിപ്പാട് 1:7,8.** പീഡിതർക്കു പ്രത്യാശയും പീഡകർക്ക് താക്കീതും നല്കുന്ന രണ്ടു പ്രവചനങ്ങളോടെ വെളിപാടുഗ്രന്ഥത്തിന്റെ ആമുഖം അവസാനിക്കുന്നു. അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുന്ന മതമർദ്ദനത്താൽ തളർന്നുപോകുന്ന ക്രിസ്തീയ സമൂഹത്തിന്റെ മുമ്പിൽ അതിമനോഹരമായ ഒരു ചിത്രമാണ് വി. ഗ്രന്ഥകാരൻ വരച്ചുകാട്ടുന്നത്. ആദ്യത്തെ പ്രവാചകവചനം ദാനിയേൽ, സഖറിയാ എന്നീ പഴയനിയമ പ്രവാചകഗ്രന്ഥങ്ങളിൽ നിന്നെടുത്തതാണ്. രണ്ടാമത്തേതാകട്ടെ ദൈവം നേരിട്ടരുളിച്ചെയ്യുന്ന വചനവും. ലോകത്തിന്റെമേൽ ഭരണം നടത്തുന്നത് റോമാക്കാരോ മറ്റേതെങ്കിലും സാമ്രാജ്യശക്തിയോ അല്ല, സർവ്വശക്തനായ ദൈവമാണ് എന്ന് വിശ്വാസികളെ ബോധ്യപ്പെടുത്തുന്നതാണ് ഈ പ്രവചനങ്ങൾ. വെളിപാടു പുസ്തകത്തിന്റെ മുഴുവൻ രത്നചുരുക്കം ഈ വചനങ്ങളിൽ കാണാം.

**1:7** കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ മടങ്ങിവരവിനുവേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്ന പീഡിതസമൂഹത്തോട് യോഹന്നാൻ പറയുന്നു: "ഇതാ മേഘങ്ങളോടുകൂടെ അവൻ വരുന്നു." ദാനിയേൽ 7:13ൽ നിന്നെടുത്തതാണ് ഈ വചനഭാഗം. ബാബിലോൺ, മേദിയാ, പേർഷ്യാ, ഗ്രീസ് എന്നീ സാമ്രാജ്യശക്തികളുടെ പതനത്തെ നാലു മൃഗങ്ങളുടെ പ്രതീകങ്ങളിലൂടെ ചിത്രീകരിച്ചതിനുശേഷം അന്തിയോക്കസ് നാലാമന്റെ കീഴിൽ ക്രൂരമായ മതമർദ്ദനമേല്ക്കുന്ന ദൈവജനത്തിനു ദൈവം നല്കാൻ പോകുന്ന മഹത്വീകരണമാണ് ദാനിയേൽ ഏഴാം അധ്യായത്തിൽ വിവരിക്കുന്നത് (ദാനി 7:27). വരാനിരിക്കുന്ന മിശിഹായെക്കുറിച്ചുള്ള ഒരു പ്രവചനമായി പുതിയനിയമം ഇതിനെ കണ്ടു. യേശുവിന്റെ തന്നെ വചനങ്ങൾ ഈ വ്യാഖ്യാനത്തിന് പിന്തുണയായി നിന്നു (മത്താ 26:64). പുതിയനിയമ പാരമ്പര്യത്തിലെ ഈ വ്യാഖ്യാനമാണ് വെളിപാടു ഗ്രന്ഥകാരൻ ഒരു പ്രവചനരൂപേണ ഇവിടെ അവതരിപ്പിക്കുന്നത്. ലോകത്തിന്റെമേൽ വിധി പ്രസ്താവിക്കാൻ വരുന്ന യേശുവിനെ മുന്നിൽ കണ്ടുകൊണ്ട് അവന്റെ പേരിൽ പീഡനത്തിനിരയാകുന്ന വിശ്വാസികൾ ശക്തിയും ധൈര്യവും ആർജ്ജിക്കണം.



യേശുവിന്റെ ആദ്യത്തെ വരവ് പരിമിതമായ നിലയിലായിരുന്നു. പാലസ്തീനായിൽ മാത്രമാണ് അവൻ പ്രവർത്തിച്ചത്. അധികമാരും അവനെ തിരിച്ചറിഞ്ഞില്ല. അധികാരികൾ അവനെ തിരസ്കരിക്കുകയും കുരിശിൽ തറച്ചു കൊല്ലുകയും ചെയ്തു. എന്നാൽ രണ്ടാമത്തെ വരവ് മഹത്വത്തോടെയായിരിക്കും. അപ്പോൾ ലോകജനതകൾ മുഴുവൻ അവനെ കാണും. അവനിൽ വിശ്വസിക്കുകയും അവന്റെ നാമത്തിൽ പീഡനമേല്ക്കുകയും ചെയ്തവർക്ക് അത് അനന്തമായി ആനന്ദത്തിന്റെ നിമിഷമായിരിക്കും. എന്നാൽ അവനെ തിരസ്കരിക്കുകയും അവന്റെ അനുഗാമികളെ പീഡിപ്പിക്കുകയും ചെയ്തവർക്കാകട്ടെ, ആ ദർശനം ഭയത്തിനും അനന്തമായ ദുഃഖത്തിനും കാരണമായിത്തീരും.

"അവനെ കുത്തിമുറിവേല്പിച്ചവരും അവനെ കാണും" എന്ന വചനം സഖ. 12:10–ൽ നിന്നെടുത്തതാണ്. "ഭൂമിയിലെ സകല ഗോത്രങ്ങളും അവനെപ്രതി വിലപിക്കും" എന്നതാകട്ടെ സഖ.12:10–ന്റെ സ്വാധീനത്തിൽ വെളിപാടു ഗ്രന്ഥകാരൻ രചിച്ചതാണ്. സഖറിയായുടെ പ്രവചനത്തിൽ ഈ വാക്യം ജനത്തിന്റെ അനുതാപത്തെയും മാനസാന്തരത്തെയും സൂചിപ്പിച്ചിരുന്നു. എന്നാൽ വെളിപാടു പുസ്തകത്തിലാകട്ടെ ക്രിസ്തുവിനെതിരേ ചെയ്ത അതിക്രമങ്ങളെക്കുറിച്ചുള്ള ബോധ്യവും ഉടനെ നടക്കാൻ പോകുന്ന ശിക്ഷാവിധിയിൽ നിന്നുളവാകുന്ന ഭയവും ദുഃഖവുമാണ് സൂചിപ്പിക്കുന്നത്. യോഹ 19:37–ൽ സഖറിയായുടെ ഈ പ്രവചനം യേശുവിന്റെ തിരുവിലാവു കുത്തിപ്പിളർന്നതിനെ വ്യാഖ്യാനിക്കാൻ ഉപയോഗിച്ചിട്ടുണ്ട്. അവിടെ റോമൻ പടയാളികളെയാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഇവിടെ പടയാളികളും യഹൂദനേതാക്കന്മാരും മാത്രമല്ല, പാപം വഴി യേശുവിനെ തള്ളിപ്പറയുകയും പീഡിപ്പിക്കുകയും ചെയ്ത സകല ജനതകളും കഠിന ദുഃഖത്തിലാഴ്ത്തപ്പെടുന്നു. എന്നാൽ അന്തിമ വിധിക്കായി വരുന്ന മനുഷ്യപുത്രന്റെ മുമ്പിലുള്ള ഈ ദുഃഖം രക്ഷാകരമല്ല.

അതേ, ആമ്മേൻ എന്ന വാക്കുകളിൽ ആദ്യത്തേത് ഗ്രീക്കും രണ്ടാമത്തേതു ഹീബ്രുവുമാണ്. രണ്ടിന്റെയും അർത്ഥം ഒന്നുതന്നെ. പറഞ്ഞ കാര്യങ്ങളുടെ സത്യാവസ്ഥ ആവർത്തിച്ചുറപ്പിക്കുന്നതാണ് ഈ വാക്കുകൾ, ഇതിനു മാറ്റമില്ല.

**1:8** ദൈവം തന്നെയാണ് ഇവിടെ സംസാരിക്കുന്നത്. ദൈവത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നതാണ് ഈ വചനം. പുറ. 3:14; യെശ. 41:4; ആമോ. 4:13 എന്നീ പഴയനിയമ ഭാഗങ്ങളുടെ സ്വാധീനം ഈ വാക്യത്തിൽ ദൃശ്യമാണ്. ഗ്രീക്ക് അക്ഷരമാലയിലെ ആദ്യത്തെ അക്ഷരമാണ് ആല്ഫ; ഒമേഗാ അവസാനത്തേതും. ആരംഭവും അവസാനവും എന്ന് ഇത് അർത്ഥമാക്കുന്നു. എല്ലാറ്റിന്റെയും ആരംഭവും ലക്ഷ്യവുമായവനാണ് ദൈവമായ കർത്താവ്. ഇതേ വിശേഷണം ഗ്രന്ഥത്തിന്റെ അവസാനത്തിൽ (വെളി. 22:13) യേശുക്രിസ്തുവിനു നല്കുന്നതിലൂടെ യേശുവിന്റെ ദൈവത്വം ഗ്രന്ഥകാരൻ ഏറ്റുപറയുന്നു. നിത്യനായ ദൈവം (വെളി 1:4) സർവ്വശക്തനാണ്. പന്തോക്രാത്തോർ എന്ന ഗ്രീക്കു പദമാണ് സർവ്വശക്തൻ എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ഈ പദം പുതിയ നിയമത്തിൽ ആകെ പത്തു പ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട്. 2 കൊരി. 6:18 ഒഴികെ ബാക്കി ഒമ്പതു തവണയും വെളിപാടുപുസ്തകത്തിൽ തന്നെയാണ് (വെളി.1:8; 4:8, 11:17; 15:3; 16:7,14; 19:6,15; 21:22). സൈന്യങ്ങളുടെ കർത്താവായ ദൈവം എന്ന് പഴയനിമയത്തിൽ നല്കുന്ന വിശേഷണം തന്നെയാണിത്. സർവ്വ ചരാചരങ്ങളും സൃഷ്ടമായ സകലതും അവൻ തന്റെ ചൊൽപ്പടിക്കു നിർത്തുന്നു. രാജാക്കന്മാരും ചക്രവർത്തിമാരും സകല സാമ്രാജ്യശക്തികളും എന്നല്ല, പ്രപഞ്ചശക്തികൾ മുഴുവൻ ആരുടെ അധികാരത്തിൻ കീഴിലായിരിക്കുന്നുവോ അവനാണ് സർവ്വശക്തൻ; അവനാണ് ദൈവമായ കർത്താവ്. ഇപ്രകാരം ശക്തനായ ഒരധികാരിയുടെ സംരക്ഷണമുള്ളവൻ ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ല എന്ന് യോഹന്നാൻ തന്റെ സഹോദരങ്ങളെ അനുസ്മരിപ്പിക്കുന്നു. **(തുടരും)**

---

# പരിശുദ്ധാത്മാവും ജീവിതവിജയവും





**പെ**ന്തക്കോസ്തുനാളിൽ പത്രോസ് പറയുന്നതു ശ്രദ്ധിക്കുക: "നിങ്ങൾ ഓരോരുത്തർ പാപങ്ങളുടെ മോചനത്തിനായി മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്കു ലഭിക്കും. വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവു വിളിച്ചുവരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ എന്നു പറഞ്ഞു" (പ്രവൃ.2:38, 39). അടുത്തും അകലെയുമുള്ളവർക്കും വിവിധ തലമുറകൾക്കും രാജ്യത്തിൽ പ്രവേശനമുണ്ടെന്നും പുതുജനനമാണ് അതിനുള്ള യോഗ്യതയെന്നും പരിശുദ്ധാത്മാവിന് ഈ പ്രക്രിയയിൽ ഒരു പങ്കാളിത്തമുണ്ടെന്നും എത്ര വ്യക്തതയോടെയാണു പത്രോസ് വിശദീകരിക്കുന്നത്!

ഈ രാജ്യത്തിൽ ജാതികൾക്കും പ്രവേശനം ലഭിച്ചതാണു സഭയുടെ മുന്നോട്ടുള്ള പോക്കിലെ അടുത്ത സുപ്രധാന സംഭവം. കൊർന്നല്യോസിന്റെ ഭവനത്തിൽ നടന്ന ആ സംഭവത്തെക്കുറിച്ച് (പ്രവൃ. 10–ാം അധ്യായം) പത്രോസ് യെരുശലേമിലെത്തിയപ്പോൾ നൽകിയ വിശദീകരണത്തിലും ഒരു തീരുമാനം എടുക്കാൻ തന്നെ സഹായിച്ചതു സ്വർഗ്ഗാരോഹണ ദിവസം കർത്താവു പറഞ്ഞ വാക്കുകളാണെന്നു ചൂണ്ടിക്കാട്ടുന്നു: "ഞാൻ സംസാരിച്ചു തുടങ്ങിയപ്പോഴേക്കു പരിശുദ്ധാത്മാവ് ആദിയിൽ നമ്മുടെമേൽ എന്നപോലെ അവരുടെ മേലും വന്നു. അപ്പോൾ ഞാൻ 'യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും' എന്നു കർത്താവു പറഞ്ഞ വാക്ക് ഓർത്തു" (പ്രവൃ.11:15,16). നോക്കുക: അപ്പോസ്തലപ്രവൃത്തി ഒന്നാം അധ്യായത്തിൽ യേശു ആദ്യം ഈ വാക്കുകൾ പറഞ്ഞപ്പോൾ 'അരിയെത്ര' എന്ന ചോദ്യത്തിനു 'പയറഞ്ഞാഴി' എന്ന മട്ടിൽ 'രാജ്യം എപ്പോൾ കിട്ടും' എന്നു ചോദിച്ച ശിഷ്യന്മാർ ഇപ്പോൾ എത്ര മാറിപ്പോയിരിക്കുന്നു! പരിശുദ്ധാത്മാവാണ് അവർക്ക് ഈ ശരിയായ കാഴ്ചപ്പാടും ദിശാബോധവും വ്യക്തതയും നൽകിയത്. 'പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമപ്പെടുത്തുകയും ചെയ്യും' എന്ന് യേശു നേരത്തെ പറഞ്ഞത് എത്ര ശരിയായിരിക്കുന്നു! (യോഹ. 14:26).

പരിശുദ്ധാത്മാവ്, ഉപദേശം നൽകി ശരിയായ കാഴ്ച്ചപ്പാടിലേക്ക് അവരെ നയിക്കുക മാത്രമല്ല അവരെ ശക്തരാക്കുകയും ചെയ്തു. പെന്തക്കോസ്തുനാളിനു മുൻപ് ഒരു വേലക്കാരിയുടെ മുൻപിൽപോലും യേശുവിനെ ഏറ്റുപറയുവാൻ കഴിയാതിരുന്ന ഭീരുവായിരുന്നു പത്രാസ്. എന്നാൽ പരിശുദ്ധാത്മസ്നാനം പ്രാപിച്ചുകഴിഞ്ഞപ്പോൾ അപ്പോസ്തലപ്രവൃത്തി രണ്ടാം അദ്ധ്യായത്തിൽ ഓടിക്കൂടിയ ജനത്തിന്റെ മുൻപാകെ വിശ്വാസത്തിനുവേണ്ടി നില്ക്കാൻ അവനു മടിയുണ്ടായിരുന്നില്ല. മാത്രമല്ല കൊച്ചുകാര്യങ്ങളുടെ മുൻപിൽ നിരാശപ്പെടുകയും കുറ്റബോധത്തിന്റെ തടവറയിൽ വീർപ്പുമുട്ടുകയും ചെയ്യുന്നവനായിരുന്നു പത്രോസ്. എന്നാൽ പ്രവൃത്തി മൂന്നാം അദ്ധ്യായത്തിൽ പിറവിക്കുരുടനെ സൗഖ്യമാക്കിയതിനെ തുടർന്ന് വിസ്മയം പൂണ്ട് ഓടിക്കൂടിയ ജനത്തോടു സംസാരിക്കുമ്പോൾ പത്രോസിന്റെ വാക്കുകൾ ഇങ്ങനെ: "അവനെ (യേശുവിനെ) നിങ്ങൾ ഏല്പിച്ചു കൊടുക്കുകയും അവനെ വിട്ടയപ്പാൻ വിധിച്ച പീലാത്തോസിന്റെ മുൻപിൽ വച്ചു തള്ളിപ്പറയുകയും ചെയ്തു. പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു' (3:14,4). പരിശുദ്ധനും നീതിമാനുമായിരുന്ന യേശുവിനെ യെരുശലേമിലെ യെഹൂദർ തള്ളിപ്പറഞ്ഞു എന്നതാണ് പത്രാസ് അവർക്കെതിരെ ഉന്നയിക്കുന്ന പ്രധാന പോയിന്റ്. എന്നാൽ ഈ തൊപ്പി ഏറ്റവും കൂടുതൽ ഇണങ്ങുന്നതു പത്രോസിന്റെ തലയ്ക്ക് തന്നെയല്ലേ? പത്രോസ് മൂന്നുവട്ടം യേശുവിനെ തള്ളിപ്പറഞ്ഞവനല്ലേ? ശരിയാണ്. എന്നാൽ കർത്താവിൽ നിന്നും പാപക്ഷമ പ്രാപിച്ച പത്രോസിനെ ആ കുറ്റബോധമോ നിരാശയോ ഇപ്പോൾ ലവലേശം വേട്ടയാടുന്നില്ല. കുറ്റബോധത്തിൽനിന്നു പൂർണ്ണമായി വിടുതലും ദൈവികക്ഷമയും പ്രാപിച്ചവനായി തികഞ്ഞ പ്രാഗൽഭ്യത്തോടെ മറ്റുള്ളവർക്കുനേരെ വിരൽ ചൂണ്ടുന്ന ഈ പത്രോസ് പെന്തക്കോസ്തുനാളിനു മുൻപ് നമുക്കു പരിചയമുള്ള ആ പഴയ പത്രോസല്ല. പരിശുദ്ധാത്മാവ് അവന്റെമേൽ വന്നപ്പോൾ അവനു ശക്തി ലഭിച്ചു. ഭീരുത്വം, നിരാശ, കുറ്റബോധം, അസ്ഥിരത എന്നിങ്ങനെ അവനെ മുറുകെ പറ്റിയിരുന്ന പാപങ്ങളെ എല്ലാം ജയിക്കാൻ പരിശുദ്ധാത്മാവ് അവനു ശക്തി നൽകി.

പരിശുദ്ധാത്മാവിൽ നിന്നു നമുക്കും പ്രാഥമികമായി വേണ്ടത് ഈ നിലയിലുള്ള ശക്തിയാണ്. അടിസ്ഥാനപരമായി ഒരു ക്രിസ്തുശിഷ്യൻ ബോധപൂർവ്വമായ പാപങ്ങൾ, സ്വയത്തിന്റെ ശക്തി എന്നിവയുടെ മേൽ വിജയം നേടിയവനായിരിക്കണം. ഈ അന്ത്യകാലത്തു ദൈവം 'ജയിക്കുന്നവനെ'യാണല്ലോ തിരയുന്നത് (വെളി. 2:7, 11, 17). ഒരു ജയാളിയായി നില്പാനാണു പ്രാഥമികമായും നമുക്കു പരിശുദ്ധാത്മാവിന്റെ ശക്തി ആവശ്യമായിരിക്കുന്നത്.

**അദൃശ്യനായ ദൈവത്തേയും അദൃശ്യമായ സ്വർഗ്ഗത്തേയും ദൃശ്യവത്ക്കരിച്ച് ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നതാകണം നമ്മുടെ വിശ്വാസം**



# കൊട്ടാരം നഷ്ടമായാൽ



**കൊ**ട്ടാരം പണിയുന്ന രണ്ടുപേർ. ഒരാൾ കടൽത്തീരത്തും മറ്റൊരാൾ അംബരചുംബിയായ ഓഫീസിലും. കടൽത്തീരത്തു കൊട്ടാരം പണിയുന്നത് ഒരു ബാലനാണ്. ഓഫീസിലിരുന്നു കൊട്ടാരം പണിയുന്നത് ഒരു മധ്യവയസ്കനും.

പപ്പയോടും മമ്മിയോടുമൊപ്പം കടൽത്തീരത്തു കാറ്റുകൊള്ളാൻ വന്നതാണു ബാലൻ. വേനൽക്കാലത്ത് അവർ പതിവായി എത്തുന്ന വിശ്രമകേന്ദ്രമാണ് കടൽത്തീരം. പപ്പയും മമ്മിയും അവിടെയിരുന്നു കാറ്റുകൊള്ളുമ്പോൾ ബാലൻ അവിടെ കൊട്ടാരം പണിയും. അവൻ പണിയുന്ന കൊട്ടാരം അത്ര ചെറുതൊന്നുമല്ല. തീരത്തെ വെൺമയുള്ള പൂഴിമണൽ തടുത്തുകൂട്ടി അവൻ ഒരു കൊട്ടാരവും അതിനുചുറ്റും വൻമതിലും അവയ്ക്ക് പുറമെയായി റോഡുകളും ഷോപ്പുകളും ചെറിയ വീടുകളുമൊക്കെ നിർമിക്കും.



ഇടയ്ക്കിടെ തിരയടിക്കുന്ന തീരമായതുകൊണ്ട് നനഞ്ഞ മണ്ണാണ് തീരത്തേത്. തൻമൂലം, കൊട്ടാരവും വൻമതിലും ചെറുകെട്ടിടങ്ങളുമൊക്കെ പണിതുയർത്താൻ അവന് അധികസമയം വേണ്ടിവരില്ല. അവൻ ഓരോന്നും പണിതുയർത്തുമ്പോൾ അവന്റെ പപ്പയും മമ്മിയും അവനെ അഭിനന്ദിക്കും. അപ്പോൾ അവനിലെ കൊച്ചു ശില്പി സന്തോഷംകൊണ്ടു തുള്ളിച്ചാടും.

അംബരചുംബിയായ സൗധത്തിലിരുന്നു കൊട്ടാരം പണിയുന്ന മധ്യവയസ്കനെ ഇനി നമുക്കു ശ്രദ്ധിക്കാം. ഉന്നത വിദ്യാഭ്യാസ യോഗ്യതയും നല്ല സാമർഥ്യവും കഠിനാധ്വാനവും കൊണ്ട് അയാൾ സ്വന്തമായി ഒരു കമ്പനി പണിതുയർത്തി. ആ കമ്പനിയുടെ തലപ്പത്തിരുന്ന് അയാൾ തന്റെ കമ്പനിയെ വൻ മൾട്ടി നാഷണൽ കോർപറേഷനാക്കി മാറ്റാനുള്ള ശ്രമത്തിലാണ്. അതിനുവേണ്ടി അയാൾ ബോർഡ് മീറ്റിംഗുകളും ഓഫീസ് മീറ്റിംഗുകളും വിളിച്ചുകൂട്ടുന്നു. മറ്റു കമ്പനികളുമായി ചർച്ചകൾ നടത്തുന്നു. കരാറുകളിൽ ഒപ്പുവയ്ക്കുന്നു.

അയാൾക്ക് എപ്പോഴും തിരക്കോടു തിരക്കാണ്. എങ്കിലും അയാൾക്കു സന്തോഷമാണ്. കാരണം, കമ്പനിയുടെ ലാഭം ഓരോ ദിവസവും വർധിക്കുന്നു. തൻമൂലം, അയാളുടെ ബാങ്ക് ബാലൻസും വർധിക്കുന്നു. കമ്പനി അയാൾ പ്രതീക്ഷിച്ചതിലും വേഗത്തിൽ വലിയൊരു മൾട്ടി കോർപറേഷനായി മാറുന്നു. അങ്ങനെ അയാൾ വിജയത്തിന്റെ ഉച്ചകോടിയിലെത്തുന്നു. അയാൾ മനക്കോട്ട കെട്ടിയ കൊട്ടാരം യാഥാർഥ്യമായിത്തീരുന്നു. ബാലന്റെ കാര്യമെടുക്കാം. പടിഞ്ഞാറെ മാനത്തു സൂര്യൻ ചെഞ്ചായം പൂശാൻ തുടങ്ങുമ്പോഴേക്കും തിരകൾക്കു ശക്തികൂടും. അപ്പോൾ ആ തിരകൾ തീരത്തു കയറിവന്ന് അവന്റെ മണൽകൊട്ടാരം മാറോടണച്ചു വാരിയെടുത്തുകൊണ്ടുപോകും! അപ്പോൾ ബാലൻ കരയുമോ ചിരിക്കുമോ? അവൻ ചിരിച്ചുല്ലസിക്കും. അവന്റെ മാസ്റ്റർപീസ് തിരകളെടുത്തതിനാൽ അവനു ദുഃഖമില്ല. നേരെ മറിച്ച്, അതു കാണുമ്പോൾ അവൻ കൈകൾ കൊട്ടി ആർത്തു ചിരിക്കും. ആ സമയം അവന്റെ പപ്പയും മമ്മിയും വീട്ടിലേക്കു മടങ്ങാൻ തയാറായി അവന്റെ അടുത്തേക്കു വരും. ഉടൻ അവൻ അവരുടെ കൈകളിൽ പിടിച്ചു തുള്ളിച്ചാടി സ്വന്തം ഭവനത്തിലേക്കു മടങ്ങും. ഇനി നമുക്കു മധ്യവയസ്കന്റെ കഥയിലേക്കു വരാം. അയാൾ പണിതുയർത്തിയ കൊട്ടാരം ഏതെങ്കിലും രീതിയിൽ അയാൾക്കു നഷ്ടമായാൽ അയാൾ ചിരിക്കുമോ കരയുമോ?

അയാൾ കെട്ടിപ്പെടുത്ത കമ്പനി എന്നും ലാഭത്തിൽതന്നെ പോയി എന്നു കരുതുക. അയാൾ തനിക്കുവേണ്ടി ആവശ്യത്തിലധികം സമ്പത്തും സമ്പാദിച്ചുവെന്നും കരുതുക. എന്നാലും, അവയെല്ലാം ഒരിക്കൽ അയാൾക്കു നഷ്ടപ്പെടും. അയാൾ മരിക്കുമ്പോൾ അവയൊന്നും അയാൾക്ക് കൂടെ കൊണ്ടുപോകാനാവില്ലല്ലോ. തന്മൂലം, മരണമടുക്കുമ്പോൾ അയാൾ കരയാനാണു സാധ്യത.

എന്നാൽ, അയാൾ അങ്ങനെ കരയണമെന്നില്ല. അയാൾക്കും ചിരിക്കാൻ സാധിക്കും. പക്ഷേ, അതിന് ഈ കഥയിലെ ബാലനെപ്പോലെ സ്വന്തം പിതാവിന്റെ കൈപിടിച്ച് ആ പിതാവിന്റെ ഭവനത്തിലേക്കു മടങ്ങാൻ അയാൾ തയാറാകണമെന്നു മാത്രം. നമ്മെ എപ്പോഴും കൈപിടിച്ചു നടത്തുന്ന നമ്മുടെ പിതാവാണ് ദൈവം. നമ്മുടെ ഇഹലോക ജീവിതത്തിന്റെ അവസാനം, നമ്മെ കൈപിടിച്ചു സ്വർഗീയ ഭവനത്തിലേക്കു കൊണ്ടുപോകാൻ അവിടുന്ന് എപ്പോഴും തയാറാണ്. എന്നാൽ, ഒട്ടേറെപ്പേർ അവരുടെ ജീവിതകാലത്തു ദൈവത്തിന്റെ കൈപിടിച്ചു നടക്കാൻ വിമുഖത കാട്ടുന്നു. തൻമൂലം, ജീവിതാന്ത്യത്തിലും ദൈവത്തിന്റെ കൈപിടിക്കുന്ന കാര്യം അവർ മറന്നുപോകുന്നു. തൻമൂലം ജീവിതത്തിലേക്കു മരണത്തിന്റെ തിരകൾ ആഞ്ഞടിക്കുമ്പോൾ അവർക്കു കരയാൻ മാത്രമേ സാധിക്കൂ. ജീവിതത്തിൽ നേട്ടങ്ങൾ പണിതുയർത്താൻ നാം മടിക്കേണ്ട. എന്നാൽ, അതു ദൈവത്തിന്റെ അനുഗ്രഹത്തോടെ അവിടുത്തെ കരംപിടിച്ചുകൊണ്ടാകട്ടെ. അങ്ങനെയായാൽ മരണം നമ്മെ കീഴ്പ്പെടുത്തുമ്പോൾ ദൈവത്തിന്റെ കൈകൾ പിടിച്ചു സ്വർഗത്തിലേക്കു നമുക്കു പോകാനാവും.

---

# ഭയമെന്ന പ്രതിഭാസം

**അ**മേരിക്കക്കാരുടെ ജീവിതത്തെ മഥിക്കുന്ന അവരുടെ വിവിധ ഭയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമാണ് ഭയത്തിന്റെ സംസ്ക്കാരം. ബാരിഗ്ലാസ്നർ എന്ന സോഷ്യോളജിസ്റ്റ് തയാറാക്കിയ ഈ ഗ്രന്ഥമനുസരിച്ച്, അമേരിക്കക്കാരുടെ ഭയങ്ങളിലേറിയപങ്കും കാരണമില്ലാത്ത കാര്യങ്ങളെക്കുറിച്ചാണത്രേ.

അമേരിക്കക്കാർ എങ്ങോട്ടുനോക്കിയാലും അവർക്ക് എപ്പോഴും എല്ലാറ്റിനെക്കുറിച്ചും ഭയമാണെന്നു ഗ്ലാസ്നർ പറയുന്നു. ഇല്ലാത്തതും ഊതിവീർപ്പിച്ചതുമായ കാരണങ്ങളാണത്രേ ഈ ഭയത്തിന്റെ അടിസ്ഥാനം. ഉദാഹരണമായി അദ്ദേഹം ചുണ്ടിക്കാണിക്കുന്നതു തൊഴിൽസ്ഥലത്തെ അക്രമം, വിമാനയാത്രയുടെ സുരക്ഷിതത്വം, കുട്ടികളെ തട്ടിക്കൊണ്ടുപോകൽ, കൊച്ചുകുട്ടികളെ കൊന്നൊടുക്കുന്ന അമ്മമാർ, ആത്മഹത്യ ചെയ്യുന്ന കുട്ടികൾ എന്നിങ്ങനെയുള്ള വിഷയങ്ങളാണ്. ഈ വിഷയങ്ങളെക്കുറിച്ച് അസത്യങ്ങളും അർധസത്യങ്ങളുമടങ്ങിയ ഊതിവീർപ്പിച്ച റിപ്പോർട്ടുകളാണ് സ്ഥിതിവിവരണക്കണക്കുകൾ എന്ന ഓമനപ്പേരിൽ പുറത്തുവരുന്നതെന്ന് അദ്ദേഹം പറയുന്നു.



പന്ത്രണ്ടു വയസിനു താഴെയുള്ള കുട്ടികളിൽ ആത്മഹത്യയുടെ നിരക്ക് 125 ശതമാനം വർധിച്ചതായിട്ടാണ് ഒരു റിപ്പോർട്ട്. ഈ വർധിച്ച ശതമാനമനുസരിച്ച് അമേരിക്കയിൽ പ്രതിവർഷം ആത്മഹത്യ ചെയ്യുന്ന കുട്ടികളുടെ എണ്ണം 40 ആണ്. നാലു കോടിയിലേറെ വരുന്ന കുട്ടികളുടെയിടയിൽ നിന്നാണ് 40 ആത്മഹത്യകൾ ഉണ്ടായിരിക്കുന്നത്! ഇങ്ങനെ കണക്കുകൾ പെരുപ്പിച്ചു കാണിച്ചാണ് പല കാര്യങ്ങളെക്കുറിച്ചും അമേരിക്കക്കാരുടെയിടയിൽ ഭയത്തിന്റെ സംസ്കാരം സൃഷ്ടിച്ചിരിക്കുന്നതെന്നു ഗ്ലാസ്നർ സമർഥിക്കുന്നു.

2001 സെപ്റ്റംബർ 11 നു ന്യൂയോർക്കിലും മറ്റും നടന്ന തീവ്രവാദികളുടെ ആക്രമണത്തിനു മുൻപായിരുന്നു ഗ്ലാസ്നർ ഈ പുസ്തകം പ്രസിദ്ധീകരിച്ചത്. വിവിധ കാരണങ്ങളാൽ ഭയത്തിനടിമകളായി കഴിയുന്ന അമേരിക്കക്കാരെ കുടുതൽ ഭയാശങ്കയുള്ളവരായി മാറ്റിയ സംഭവമായിരുന്നു ആ സെപ്റ്റംബറിലുണ്ടായ തീവ്രവാദി ആക്രമണം.

അമേരിക്കയിൽ ഭയത്തിന്റെ സംസ്കാരം പടർന്നുപിടിക്കുകയാണെന്നു പറയുന്നതിൽ കുറെയെങ്കിലും പരമാർഥം കാണാതിരിക്കില്ല. എന്നാൽ അമേരിക്കയിലെ മാത്രം പ്രതിഭാസമാണു ഭയമെന്ന് ആരെങ്കിലും പറയുമെന്നു തോന്നുന്നില്ല. കാരണം, ലോകത്തെമ്പാടുമുള്ള ജനങ്ങൾ ഓരോരോ കാരണത്താൽ ഓരോരോ ഭയത്തിന് അടിമകളാണല്ലോ. ഇന്ത്യയിലെ കാര്യമെടുക്കുക. നമുക്കുമില്ലേ ഭയങ്ങൾ? നമുക്ക് അയൽരാജ്യങ്ങളായ പാക്കിസ്ഥാനെയും ചൈനയെയും ഭയം. കാഷ്മീരിലെ തീവ്രവാദികളെ ഭയം. രാജ്യത്തെ വർഗീയവാദികളെയും അക്രമരാഷ്ട്രീയക്കാരെയും ഭയം.

ഗ്ലാസ്നറുടെ അഭിപ്രായമനുസരിച്ച് നമ്മുടെ ജീവിതത്തിലെ ഭയകാരണങ്ങളിൽ പലതിനെയും നാം വെറുതെ വിസ്മരിക്കുകയാണു വേണ്ടത്. കാരണം, അവയൊന്നും യാഥാർഥ്യത്തിലധിഷ്ഠിതമല്ല എന്നതുതന്നെ. അതേസമയം, നമ്മിൽ ആശങ്ക സൃഷ്ടിക്കേണ്ട പല കാര്യങ്ങളും നാം കാണാതെ പോകുന്നു എന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. സമൂഹത്തിലെ അസമത്വവും പട്ടിണിയും വർഗീയതയുമൊക്കെ തീർച്ചയായും നമ്മെ ആശങ്കാകുലരാക്കേണ്ട കാര്യങ്ങളാണ്. എന്നാൽ, ഇമ്മാതിരിയുള്ള കാര്യങ്ങളെക്കുറിച്ച് നമ്മിലെത്ര പേർക്ക് ഭയാശങ്കകൾ ഉണ്ടാവും?

ഭയം ഒരു ജീവിതയാഥാർഥ്യമായിരിക്കുന്നതുകൊണ്ട് അതിനെ അപ്പാടെ അവഗണിക്കുവാൻ നമുക്കാവില്ല. എന്നുമാത്രമല്ല, നമ്മിലെ ഭയത്തിന്റെ ദൂരീകരണത്തിനായി നാം ബോധപൂർവം നടപടികൾ സ്വീകരിക്കുകയും വേണം. നമ്മിൽ ഭയാശങ്കകൾ ഉള്ളതുകൊണ്ട് നാമെല്ലാവരും ഭീരുക്കളാണെന്നു കരുതേണ്ട. എന്തെങ്കിലും കാരണത്താൽ ഭയപ്പെട്ടതിനുശേഷം പരാജയം സമ്മതിച്ച് തോറ്റോടുന്നവരാണു ഭീരുക്കൾ. എന്നാൽ, ഭയമുണ്ടാകുമ്പോഴും ആ ഭയത്തിന്റെ കാരണത്തെ മറികടക്കുവാൻ ആത്മാർഥമായി നാം ശ്രമിച്ചാൽ നമ്മെ ആരും ഭീരുക്കളായി മുദ്രകുത്തില്ല. എന്നുമാത്രമല്ല, നാം ധൈര്യശാലികളായി എണ്ണപ്പെടുകയും ചെയ്യും.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി ചെറുപ്പമായിരുന്നപ്പോൾ ഭൂതപ്രേതാദികളെ വല്ലാതെ ഭയപ്പെട്ടിരുന്നു. മനസില്ലാമനസോടെയാണെങ്കിലും ഇക്കാര്യം അദ്ദേഹം വീട്ടിലെ വേലക്കാരിയായിരുന്ന രംഭ എന്ന സ്ത്രീയോടു പറഞ്ഞു. ഭയത്തിൽ നിന്നു മോചനം നേടുവാനുള്ള ഒരു പ്രതിവിധി ഈ സ്ത്രീ ബാലനായ ഗാന്ധിജിക്കു പറഞ്ഞുകൊടുത്തു. എന്തായിരുന്നുവെന്നോ ആ പ്രതിവിധി? ഭയം തോന്നുമ്പോൾ ദൈവനാമം ജപിക്കുക. ഗാന്ധിജി ഈ മാർഗം പരീക്ഷിച്ചു. അതു പരിപൂർണവിജയമായിരുന്നുവെന്ന് അദ്ദേഹം തന്റെ ആത്മകഥയിൽ പറയുന്നുണ്ട്.




ഗാന്ധിജി മനസിലാക്കിയതുപോലെ, നമ്മുടെ ജീവിതത്തിലെ ഭയങ്ങളിൽ നിന്നു മോചനം നേടുവാനുള്ള ഏറ്റവും ഫലപ്രദമായ പ്രതിവിധിയാണ് ദൈവനാമം വിളിച്ചു പ്രാർഥിക്കുക എന്നത്. സർവശക്തനായ ദൈവം നമ്മുടെ കൂടെയുണ്ടെങ്കിൽ നാം എന്തിനെയെങ്കിലും ഭയപ്പെടേണ്ട കാര്യമുണ്ടോ? അവിടുത്തെ അനന്ത പരിപാലനയുടെ തണലിലാണു നാം ജീവിക്കുന്നതെങ്കിൽ നാം ആരെ അല്ലെങ്കിൽ എന്തിനെ ഭയപ്പെടണം?

ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ല എന്ന വിശ്വാസം നമുക്കുവേണം. അതുപോലെ, തിന്മയായതെന്തെങ്കിലും സംഭവിച്ചാൽപ്പോലും അതെല്ലാം നന്മയ്ക്കായി മാറ്റുവാൻ ദൈവത്തിനു സാധിക്കും എന്ന വിശ്വാസവും നമുക്കുണ്ടാകണം. അങ്ങനെയായാൽ ഒരു ഭയവും നമ്മിൽ ആധിപത്യമുറപ്പിക്കാൻ ഇടവരില്ല; എന്നുമാത്രമല്ല, ഏതു പ്രതിസന്ധിയെയും നേരിടുവാൻ തക്കവണ്ണം നമ്മിൽ ആത്മധൈര്യം ഉണ്ടാവുകയും ചെയ്യും.

നമ്മുടെ ഭയാശങ്കകളെ എത്രവേഗം നമ്മിൽ നിന്നകറ്റുന്നുവോ അത്രയുംവേഗം നാം നമ്മുടെ ജീവിതത്തിൽ സമാധാനം കണ്ടെത്തും. അതിനുള്ള ആദ്യപടിയും അവസാനപടിയും ദൈവത്തിലുള്ള ആശ്രയമാണെന്നതു നമുക്കെപ്പോഴും ഓർമിക്കാം.



# വേദാഭിമാനിയുടെ മറുപടി

പ്രസംഗം ഒരു കലയാണ്, കഴിവാണ്. വരം ലഭിച്ചവർ പ്രസംഗിക്കുന്നു. മൈതാന പ്രസംഗങ്ങളെ ആക്ഷേപിക്കുന്നതിൽ അർത്ഥമില്ല. പ്രശസ്തരും പ്രഗത്ഭരുമായവരെ കാണാനും അവരുടെ വാക്ക് കേൾക്കാനുമാണ് ജനം ഓടി കൂടുന്നത്. ശ്രേഷ്ഠരായവർ തങ്ങളുടെ നിലവാരത്തിനനുസരിച്ച് പ്രതിഫലം വാങ്ങട്ടെ, അതിൽ എന്താണ് തെറ്റ്? പ്രസംഗിക്കാൻ കഴിവില്ലാത്തവർ അതിനെ വിമർശിക്കുന്നു എന്നല്ലാതെ വിമർശനത്തിൽ ഒരർത്ഥവുമില്ല. പ്രസംഗകനെപ്പോലെ എഴുത്തുകാർ ശ്രദ്ധിക്കപ്പെടുന്നില്ലായെന്നതുകൊണ്ടു തന്നെ എഴുത്തിനേക്കാൾ മികച്ചതാണ് പ്രസംഗം എന്നു പറയുന്നതിൽ തെറ്റില്ല. താങ്കൾ എഴുതുന്നു ജനം വായിക്കുന്നു; അവർ പ്രസംഗിക്കുന്നു ജനം കേൾക്കുന്നു, എല്ലാം മുറപോലെ നടക്കട്ടെ,

**പാസ്റ്റർ ഷാജി പരുത്തുംപാറ, കലവൂർ, എറണാകുളം**

> **രചനയും പ്രസംഗവും**
>
> ആശയങ്ങൾ സുവ്യക്തമാക്കാനും ക്രമീകരണത്തോടെ അവതരിപ്പിക്കാനും ഭാഷയിൽ മിതത്വം പാലിക്കാനും ഏറ്റവും കൂടുതൽ ഉപകരിക്കുന്നത് രചനകളാണ്. പ്രസംഗിക്കുന്നതുപോലെ അതത്ര എളുപ്പമല്ലെന്നുമാത്രം. എന്റെ ഒരു മണിക്കുർ പ്രസംഗത്തിലെ ആശയം ലേഖനമായി അവതരിപ്പിക്കണമെങ്കിൽ അഞ്ചുമണിക്കൂറെങ്കിലും വേണ്ടിവരുമെന്നാണ് തോന്നുന്നത്. **-പ്രൊഫ. എം. കെ. സാനു**

ഭീഷണമായ ആംഗ്യഭാവങ്ങളോടെ കുതിച്ചാർത്തു വിളിക്കുന്ന ആത്മീയ പ്രസംഗകരിൽ പലരും ആത്മീയ ജീവിതത്തിന്റെ അസ്ഥിവാരമായ വചനവ്യവസ്ഥ അട്ടിമറിക്കുന്നവരാണെന്നുള്ളതാണ് സത്യം. സദാചാരമില്ലാത്ത വ്യാപാരം, മനഃസാക്ഷിയില്ലാത്ത സുഖഭോഗം, തത്വങ്ങളില്ലാത്ത ആത്മീയം, സ്വഭാവശുദ്ധിയില്ലാത്ത വിജ്ഞാനം, മനുഷ്യത്വമില്ലാത്ത ശാസ്ത്രം, അദ്ധ്വാനിക്കാതെ ലഭിക്കുന്ന സമ്പത്ത്, ത്യാഗരഹിതമായ ആരാധന ഇവയെല്ലാം അപലപനീയവും വർജ്ജ്യവുമാണെന്ന് ഗാന്ധിജിയെപ്പോലുള്ളവർ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. തന്ത്രശാലികളായ പ്രസംഗകർ സ്വന്തം സാദൃശ്യത്തിലും പ്രതിഛായയിലും ആത്മീയരെയല്ല, അതിമോഹികളെയാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

സത്യസന്ധവും സമർപ്പണവും നീതിബോധവും പുലർത്തുന്ന വിശ്വാസസമൂഹത്തിന്റെ നിർമ്മിതിക്ക് സദാചാരനിഷ്ഠമായ ആത്മീയത അനിവാര്യമാണ്. ശാശ്വത മൂല്യങ്ങളിൽ അടിയുറച്ച് ഭാവിയെ ലക്ഷ്യം വച്ചു കൊണ്ടുള്ള ആത്മീയതയിലേക്ക് വിരൽ ചൂണ്ടുന്ന പ്രസംഗകർ വളരെ വിരളമാണ്. ദുഷ്ക്കരവും മത്സരാത്മകവുമാണ് ആത്മീയരംഗം. ഇവിടെ ഫലപ്രദമായി പ്രവർത്തിക്കാൻ അറിവും, അനുഭവവും, ആദർശനിഷ്ഠയും സ്വഭാവശുദ്ധിയുമുള്ള ആത്മീയ പ്രഭാഷകർ ഉണ്ടാകണം. ദാരിദ്ര്യം അനുഭവിക്കുന്നവരെയും സമാധാനത്തിനുവേണ്ടി കേഴുന്നവരെയും ഏകാന്തതയിൽ വേദനിക്കുന്നവരെയും പറ്റിയുള്ള അവബോധം ഉൾക്കൊള്ളുന്ന പ്രസംഗകരെ എവിടെയും കാണാൻ കഴിയുന്നില്ല. നിസ്വാർത്ഥനും സേവന നിരതനും ആത്മീയരംഗം മൂല്യാധിഷ്ഠിതമാക്കാൻ പരിശ്രമിക്കുന്ന ഒരു പ്രസംഗകനെ എവിടെ ചെന്നാൽ കാണാൻ കഴിയും?



ആൾക്കൂട്ടങ്ങളെ കണ്ടെത്തി, നിർബന്ധപൂർവ്വം ശ്രോതാക്കളെ സൃഷ്ടിക്കുന്ന നമ്മുടെ മൈതാനപ്രസംഗങ്ങൾക്കോ, പ്രസംഗകർക്കോ സമൂഹത്തിൽ യാതൊരു വിലയുമില്ലായെന്നറിയുക. തെരുവിലെ അങ്ങാടിക്കുട്ടത്തോടായിരുന്നു സോക്രട്ടീസിന്റെ സംസാരം. അദ്ദേഹത്തിന്റെ നാടൻ വർത്തമാനങ്ങളിൽ നിന്നാണ് ജനാധിപത്യം ജന്മമെടുത്തത്, റോമൻ സെനറ്റിന്റെ പടവുകളിൽ നിന്നുകൊണ്ടാണ് മാർക് ആന്റണി ജനക്കൂട്ടത്തെ ഇളക്കിമറിച്ചത്. വാഷിംഗ്ടൺ കാപ്പിറ്റോളിന് മുന്നിലെ രാജപാതയിൽ തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തിനു മുന്നിലാണ് മാർട്ടിൻ ലൂഥർ തന്റെ സ്വപ്നത്തെ സാഹോദര്യത്തിന്റെ നിറക്കൂട്ടിൽ അവതരിപ്പിച്ചത്. ശവസംസ്കാരം കഴിഞ്ഞ് ജനം പിരിഞ്ഞശേഷം സെനറ്റുഹാളിലായിരുന്നു മാർക്ക് ആന്റണി പ്രസംഗിച്ചിരുന്നതെങ്കിൽ റോമിന്റെ ചരിത്രം മറ്റൊരു രൂപത്തിൽ ആകുമായിരുന്നു. പ്രസിദ്ധമായ പ്രഭാഷണങ്ങൾ ഒന്നും നടന്നത് മൈതാനങ്ങളിലല്ല. യേശുവിന്റെ പ്രസിദ്ധമായ പ്രസംഗം മലമുകളിലായിരുന്നു. ഏബ്രഹാം ലിങ്കന്റെ പ്രസിദ്ധമായ പ്രസംഗം ഗെറ്റിസ് ബർഗ്ഗിലെ സെമിത്തേരിയിലായിരുന്നു. പ്രസിദ്ധമായ പ്രസംഗങ്ങൾ ഒന്നും കൂലിക്കുവേണ്ടിയുള്ളതായിരുന്നില്ല.

നമ്മുടെ പ്രസംഗകരെ നോക്കുക, കേരളത്തിൽ തന്നെ അവിശ്വാസികൾ തിങ്ങി പാർക്കുന്ന എത്രയോ സ്ഥലങ്ങൾ ഉപേക്ഷിച്ച് വിശ്വാസികളുടെ മധ്യത്തിലും സമ്പന്ന രാജ്യങ്ങളിലും പ്രസംഗിക്കാൻ പോകുന്ന ഒരുവന് എന്ത് ആത്മാർത്ഥതയാണുള്ളത്? പ്രസംഗത്തിന് യാതൊരു പ്രതിഫലവുമില്ലാതെ വന്നാൽ സ്വന്ത ചിലവിൽ ഇവിടെ ആരെങ്കിലും പ്രസംഗിക്കാൻ പോകുമോ? ഇങ്ങനെ അടിസ്ഥാനപരമായി ചിന്തിക്കാൻ ശ്രമിച്ചാൽ പ്രസംഗം ഒരു തൊഴിലാണെന്നും പണം ലഭിക്കാനാണിത് ചെയ്യുന്നതെന്നും മനസിലാകും. കേട്ടവരോട് തന്നെ പ്രസംഗിക്കാതെ, കേട്ടിട്ടില്ലാത്തവരോട് പ്രസംഗിക്കാൻ തയ്യാറാകാത്തതുതന്നെ ദൈവവചനത്തോടുള്ള ആത്മാർത്ഥതയില്ലായ്മയാണ്.

നിത്യതയ്ക്കായുള്ള ഒരുക്കത്തിന്റെ ഭാഗങ്ങളാണ് പാട്ടും, പ്രാർത്ഥനയും, പ്രസംഗവും, സാക്ഷ്യം പറച്ചിലും, സുവിശേഷം പങ്കുവയ്ക്കലുമൊക്കെ. രക്ഷിതാവിനെക്കുറിച്ച് പാടുന്നതിനും പ്രസംഗിക്കുന്നതിനും കൂലി വാങ്ങിക്കുന്നവൻ നന്ദിയില്ലാത്ത, സ്നേഹമില്ലാത്ത, അനുഭവമില്ലാത്ത വെറും 'കൂലി' ആണെന്നതിൽ യാതൊരു തർക്കവുമില്ല.

ഇത് കുറുക്കുവഴികളുടെയും എളുപ്പവഴികളുടെയും കാലമാണ്. പണവും പ്രശസ്തിയും ഒരുപോലെ ലഭിക്കുന്ന പ്രസംഗം ഒരു കലയാണ്, തൊഴിലാണ്. പണം ലഭിക്കുന്നതുകൊണ്ടുമാത്രമാണ് പ്രസംഗകർ ഈ തൊഴിലിൽ ഉറച്ചുനിൽക്കുന്നത്. ഏതു രാജാവിന്റെ ഭരണപരിഷ്ക്കാരം ചോദിച്ചാലും പറയാവുന്ന കുറെ പൊതുവായ കാര്യങ്ങളുണ്ട്. പുതിയ വഴിവെട്ടി, വഴിവിളക്കുകൾ സ്ഥാപിച്ചു. തണൽമരങ്ങൾ വെച്ചുപിടിപ്പിച്ചു. പൊതുവായ ഈ വസ്തുതകൾ വിദ്യാർത്ഥികൾ കാണാതെ പഠിച്ച് എഴുതുന്നതുപോലെ കുറെ കാര്യങ്ങൾ കാണാതെ പഠിച്ച് മിമിക്രി, കഥാപ്രസംഗം, ചവിട്ടുനാടക സ്റ്റൈലുകളിൽ ആവർത്തിക്കുന്നു എന്നല്ലാതെ ചരിത്രപരമായ പ്രസംഗമോ, പ്രസംഗകരോ ഇവിടെ ഉണ്ടായിട്ടില്ല. മുതുകാടിന്റെ മാജിക്കുപോലെ രോഗശാന്തി ക്രൂസേഡുകളും മുന്നേറുന്നു. നാം ആസ്വദിച്ചറിഞ്ഞ കാര്യങ്ങൾ പറയാനുള്ള വെമ്പൽ ആയിരിക്കണം പ്രസംഗം. യേശുവിനെ പ്രദർശിപ്പിച്ച് ആത്മാവിന്റെ ശക്തി വെളിപ്പെടുത്തുന്ന ഒരുവൻ സമൃദ്ധമായ ജീവനിൽ ആനന്ദിക്കുകയാണ്. അങ്ങനെയുള്ള ഒരുവൻ ദൈവത്തിനു നേരെയാണ് കൈ നീട്ടേണ്ടത്. അതെ ഒരനുഭവവുമില്ലാതെ കേവലമായ അറിവിൽ പ്രസംഗിക്കുന്നവൻ വെറും തൊഴിലാളിയും കൂലിക്കുവേണ്ടി വിലപേശുന്ന കള്ളനുമാണ്. ജീവിക്കാൻ വേണ്ടി ആത്മീയ വേഷം കെട്ടിയ വെറും കലാകാരന്മാരാണ് ഇവിടുത്തെ പ്രസംഗകർ.

നാം ദൈവത്തിൽ നിന്നുള്ളവൻ എന്ന സത്യം ഗ്രഹിക്കുമ്പോൾതന്നെ ദൈവത്തിനായി പ്രവർത്തിച്ച് ദൈവത്തിൽ നിന്നുള്ളതാണ് നാം പ്രതീക്ഷിക്കേണ്ടത്. ദുഷ്ടന്റെ അധീനതയിൽ കിടക്കുന്ന ലോകത്തിലേക്ക് ദൃഷ്ടി പതിപ്പിക്കുന്നവൻ ഒരിക്കലും ദൈവദാസനല്ല (1 യോഹ. 5:19). ഭൗതിക നന്മകൾക്കു വേണ്ടി ദൈവത്തെ സേവിക്കുന്നവൻ ദൈവം ആരെന്ന് തിരിച്ചറിവില്ലാത്ത നികൃഷ്ടനും അധമനുമാകുന്നു. ലോകമനുഷ്യരിൽ നിന്ന് നമ്മെ ദൈവം വേർതിരിച്ച് തനിക്കുവേണ്ടി ഒരു പ്രത്യേക ജനമാക്കി തീർത്തിരിക്കുകയാണ്. നമ്മെ കാണുന്ന ലോക ജനം നാം ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ടവരാണ് എന്ന് നമ്മുടെ സ്വഭാവവും പ്രവൃത്തിയും കൊണ്ട് മനസിലാക്കണം. ലോകം ചെയ്യുന്നതെല്ലാം ചെയ്യുകയും അതിന്റെ നിലവാരമനുസരിച്ച് ജീവിക്കുകയും ലോകജനതയുടെ മൂല്യങ്ങൾ നമ്മുടെ മൂല്യങ്ങളായിത്തീരുകയും ചെയ്താൽ നാം ദൈവദാസന്മാർ എന്ന് എങ്ങനെ പറയാൻ കഴിയും?

അപ്പോസ്തലനായ പൗലോസ് തന്റെ ശുശ്രൂഷയെപ്പറ്റി പറഞ്ഞത് വളരെ താഴ്മയോടും കണ്ണുനീരോടും കഷ്ടങ്ങളോടുംകൂടെ കർത്താവിനെ സേവിച്ചുവെന്നാണ് (അ.പ്ര. 20:19–24).

പൗലോസിന് ജീവിതം മുഴുവൻ ഒരു സേവനമായിരുന്നു. ഇതാണ് സമർപ്പണം, സ്നേഹം എന്നു പറയുന്നത്. തന്റെ സാക്ഷ്യത്തിൽ പൗലോസ് പറയുന്നത് എന്റെ ഉടയവനും ഞാൻ സേവിച്ചുവരുന്നവനുമായ ദൈവം എന്നാണ്. ഉടയവൻ യേശുവാണെന്നുള്ള ഉറപ്പ്. ജീവിതം ഉടയവനുവേണ്ടിയുള്ളതാണെന്നുള്ള ഉറപ്പ്. ഈ ഉറപ്പിൽ ദൈവത്തെ സേവിക്കാൻ ഇറങ്ങിത്തിരിക്കുന്ന ഒരുവൻ എന്താണ് ദൈവത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ഇവിടെ ദൈവത്തിന്റെ പേരിലോ ദൈവസഭയുടെ പേരിലോ പടുത്തുയർത്തിയിരിക്കുന്ന പ്രസ്ഥാനങ്ങൾക്കോ വ്യക്തികൾക്കോ യാതൊരു പ്രാധാന്യവുമില്ല. മനുഷ്യരുടെയോ പ്രസ്ഥാനങ്ങളുടെയോ ദാസന്മാരായിരിക്കുന്നവർക്ക് ദൈവത്തിന്റെ ദാസനായിരിപ്പാൻ സാധ്യമല്ല. ഓട്ടക്കളത്തിൽ ഓടുന്നവൻ കാണികളുടെ സന്തോഷത്തിന് ഓടുന്നതല്ല. ലഭിക്കുവാനുള്ള വിരുതിനായിട്ടത്രേ അവൻ ഓടുന്നത്. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ടത്രേ ഓടേണ്ടത് (എബ്രാ. 12:1, 2). ദൈവദാസന്മാർ എന്ന പദവിയിൽ നിൽക്കുന്ന ഒരുവന് കൂലിയും ഉദ്യോഗകയറ്റവും ഒന്നും ലഭിക്കുന്നില്ല. അനുദിനയാത്രയിൽ ആവശ്യമായത് ദൈവം നൽകുന്നു എന്നു മാത്രം. ഇവിടെ ലഭിക്കുന്ന ഡോളറും, രൂപയുമല്ല അവന്റെ പ്രതിഫലം. പ്രതിഫലവുമായി കർത്താവ് വരുന്നു എന്നുള്ളതാണ് അവന്റെ പ്രത്യാശ. ദൈവദാസന്മാർ ദാസന്മാരായി ജീവിക്കുകയും ദാസന്മാരായി തന്നെ മരിക്കുകയും ചെയ്യുന്നു. ദൈവം നമ്മെ നല്ലവനും വിശ്വസ്തനുമായ ദാസൻ എന്നത്രേ വിളിക്കുവാൻ കാത്തിരിക്കുന്നത്. ദൈവത്തെ സേവിക്കുക എന്നത് ഒരു ജോലിയല്ല, ബദ്ധപ്പാടല്ല. തികഞ്ഞ സ്നേഹത്തിൽ സന്തോഷത്തോടെ, സർപ്പണത്തോടെ ചെയ്യുന്ന ഒരു സേവനമാണ്. അത് ജീവിതത്തിന്റെ ഭാഗമാണ്. അല്ലെങ്കിൽ അത് ജീവിതം തന്നെയാണ്. ശ്വാസം വിടുന്നതുപോലെ അനിവാര്യമായ ഒന്ന്. ദൈവം ഏൽപ്പിച്ചത് തികയ്ക്കുകയാണ് നമ്മുടെ ഉത്തരവാദിത്വം.

WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com
YouTube vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 July: 2022 at RMS Kayamkulam
Published on Ist July: 2022
RNI Registered No. KERMAL/2002/7361

# മനസ്സമാധാനം കിട്ടാൻ...

ഒരിക്കൽ സ്വാമി വിവേകാനന്ദന്റെ അടുത്ത് ഒരു വലിയ വ്യവസായി എത്തി. “സ്വാമീ, എനിക്ക് വേണ്ടത്ര സ്വത്തുണ്ട്. കച്ചവടം നല്ലരീതിയിൽ തന്നെ പോകുന്നുണ്ട്. പക്ഷേ, മനസ്സിന് ഒരു സമാധാനവും സന്തോഷവുമില്ല. മനസ്സിന് സന്തോഷമുണ്ടാവാൻ ഞാൻ ധാരാളം യാത്രകൾ ചെയ്തു. ഇഷ്ടമുള്ള ഭക്ഷണം കഴിച്ചു. പക്ഷേ, അപ്പോഴൊക്കെ മനസ്സ് അശാന്തമായിരുന്നു. കച്ചവടത്തെക്കുറിച്ചും പണത്തെക്കുറിച്ചുമുള്ള ചിന്തകളായിരുന്നു മനസ്സിൽ. മനസ്സിന് സന്തോഷവും സമാധാനവും കിട്ടാൻ ഞാൻ എന്തുചെയ്യണം?’



സ്വാമി അയാളെ അല്പനേരം നോക്കിയിരുന്നിട്ട് ചോദിച്ചു: ‘താങ്കൾ ശരിക്കും മനസ്സമാധാനം ആഗ്രഹിക്കുന്നുണ്ടോ?’. ‘ഉണ്ട്. അതിനാണല്ലോ ഞാൻ അങ്ങയെ കാണാൻ വന്നത്, വ്യവസായി പറഞ്ഞു.

സ്വാമി ഒന്ന് പുഞ്ചിരിച്ചിട്ട് ചോദിച്ചു: ‘എങ്കിൽ ഞാൻ പറയുന്ന കാര്യങ്ങൾ കൃത്യമായി ചെയ്യാൻ തയ്യാറാണോ?’.

‘തീർച്ചയായും!’ അയാൾ സമ്മതിച്ചു. “എങ്കിൽ, ഇനിമുതൽ നിങ്ങൾ പുറത്തിറങ്ങുമ്പോൾ വിശന്നുവലഞ്ഞ ആരെയെങ്കിലും കണ്ടാൽ അവർക്ക് ഭക്ഷണം വാങ്ങിക്കൊടുക്കണം. ആരെങ്കിലും ദാഹിച്ചുവലഞ്ഞ് വന്നാൽ അവർക്ക് വെള്ളം കൊടുക്കുക, ആർക്കെങ്കിലും വസ്ത്രം വേണ്ടിവന്നാൽ അത് വാങ്ങിക്കൊടുക്കുക, രോഗങ്ങളാൽ വലയുന്നവരെ കണ്ടാൽ അവർക്ക് വേണ്ട ശുശ്രൂഷ നൽകുക, എന്തെങ്കിലും പ്രശ്നത്തിൽ പെട്ട് നിൽക്കുന്നവരെ കണ്ടാൽ ആ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുക. ഇതൊക്കെ ചെയ്താൽ താങ്കൾക്ക് സമാധാനവും സന്തോഷവും ഉണ്ടാവുമെന്നത് തീർച്ചയാണ്.” സ്വാമിയുടെ ഉപദേശം വ്യവസായിക്ക് അത്ര ഇഷ്ടമായില്ല. എങ്കിലും കൊടുത്ത വാക്ക് പാലിക്കണമല്ലോ എന്ന് കരുതി സ്വാമി പറഞ്ഞതുപോലെ ചെയ്യാൻ തുടങ്ങി.

എന്നാൽ ഓരോ ദിവസം കഴിയും തോറും വ്യവസായി മറ്റെല്ലാം മറന്ന് സ്വാമി പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നതിലേക്ക് കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. കച്ചവടത്തെക്കുറിച്ചും പണത്തെക്കുറിച്ചുമുള്ള ചിന്തകളൊക്ക മനസ്സിൽനിന്ന് പതിയെ മാഞ്ഞു. വൈകാതെ വ്യവസായിക്ക് താൻ തേടിനടന്ന മനസ്സമാധാനം എന്തെന്ന് മനസ്സിലായി. മറ്റുള്ളവർക്കായി നിസ്വാർഥമായി പ്രവർത്തിച്ചാൽ മനസ്സിന് സന്തോഷവും സമാധാനവും താനേ കൈവരുമെന്ന് അദ്ദേഹത്തിന് മനസ്സിലായി.

# പെരുമാറ്റവും സ്വഭാവവും

പെരുമാറ്റവും, സ്വഭാവവും, രണ്ടും ഒന്നല്ലേ എന്ന് തോന്നാം. എന്നാൽ രണ്ടാണ് എന്നത് ഒരു ഉദാഹരണത്തിലൂടെ പറഞ്ഞു തരാം.

നിങ്ങൾ ഒരു ബസിൽ യാത്ര ചെയ്യുകയാണ്, നല്ല തിരക്കുണ്ട്. നിങ്ങൾ നിൽക്കുകയാണ്. കുറച്ചു ദൂരം ചെന്നപ്പോൾ ഒരാൾ സീറ്റിൽ നിന്നും എണീറ്റ് അടുത്ത സ്റ്റോപ്പിൽ ഇറങ്ങി. കാലിയായ സീറ്റുണ്ടെങ്കിലും നിങ്ങൾക്ക് ഈ സമയത്ത് അവിടെ ഇരിക്കാൻ ബുദ്ധിമുട്ടാണ്.

ആ നേരം തൊട്ടടുത്ത് ഇരിക്കുന്ന ആൾ കുറച്ചു നീങ്ങിയശേഷം നിങ്ങളോട് ഇരുന്നോളാൻ പറഞ്ഞു. സ്വാഭാവികമായും നമ്മൾ ഇരിക്കും. നമുക്ക് ആ വ്യക്തിയോട് നല്ല മതിപ്പുണ്ടാവും. ഇയാൾ നല്ല മനുഷ്യനെന്ന് നമ്മുടെ മനസ്സിൽ തോന്നും. അതുകൊണ്ടുതന്നെ ഇയാളോട് സംസാരിക്കാൻ നമുക്ക് താല്പര്യവുമുണ്ടാവും.

കുറച്ചു കഴിയുമ്പോൾ ഇയാൾ നമ്മുടെ ശരീരഭാഗങ്ങളിൽ മോശമായ സ്പർശനങ്ങൾ നടത്താൻ തുടങ്ങിയാലോ? നമുക്ക് ഉപകാരം ചെയ്തതെന്ന് കരുതി അയാളുടെ ആ മോശം പ്രവർത്തി അനുവദിച്ചു കൊടുക്കുമോ? ഒരിക്കലും ഇല്ല. ഇവിടെയാണ് സ്വഭാവവും പെരുമാറ്റവും തമ്മിലുള്ള വ്യത്യാസം.



ആദ്യം ആ വ്യക്തി നമുക്ക് സീറ്റ് തന്നത് അയാളുടെ പെരുമാറ്റമാണെങ്കിൽ, രണ്ടാമത് നമ്മുടെ ശരീരഭാഗത്തെ മോശം സ്പർശനത്തിലൂടെ ദുരുപയോഗം ചെയ്യാൻ ശ്രമിച്ചത് അയാളുടെ സ്വഭാവം ആണ്. അതുകൊണ്ടുതന്നെ പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ ആരുടെയും സ്വഭാവത്തെ വിലയിരുത്താൻ സാധിക്കില്ല.

# നല്ല സൗഹൃദങ്ങളെ തിരിച്ചറിയുക

ഒരു നല്ല സുഹൃത്തിന്റെ വിശേഷണങ്ങൾ എന്തൊക്കെയാണ്? എല്ലാത്തിനും എന്റെ കൂടെ നിൽക്കുന്നവൻ ആണ് നല്ല സുഹൃത്ത് എന്നായിരിക്കും ചിലർ പറയുക. എന്നാൽ, നമ്മൾ തെറ്റ് ചെയ്താൽ അത് തെറ്റാണെന്നു പറയുന്ന, നമ്മൾ അപകടത്തിൽ പെടാൻ സാധ്യതയുണ്ട് എന്ന് തിരിച്ചറിഞ്ഞ് നമ്മെ അതിൽ നിന്നും രക്ഷിക്കുന്ന ആളാണ് നല്ല സുഹൃത്ത്. നമ്മൾ തിരിച്ചും അങ്ങനെ ചെയ്യുമ്പോൾ അംഗീകരിക്കുന്ന ആളായിരിക്കണം നല്ല സുഹൃത്ത്.





## ഡയെലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ സഭാ പ്രസ്ഥാനങ്ങളിൽ നിന്ന് ചിലർ പുറത്തുപോയാൽ പ്രസ്ഥാനം രക്ഷപെടുമോ?

ബിജോയി പാറക്കടവിൽ, മണിപ്പുഴ, മൂലവട്ടം

☹ **പുറത്തുകൊണ്ടുപോയി ഒന്നു റീസൈക്കിൾ ചെയ്തെടുത്താൽ നന്നായിരുന്നു.**

☺സ്നേഹമില്ലാത്തതുകൊണ്ടാണോ പ്രശ്നങ്ങൾ രൂക്ഷമാകുന്നത്?

എൽസി കുര്യൻ, വളമങ്കലം, തുറവൂർ

☹**സ്നേഹമുള്ളിടത്ത് പ്രശ്നങ്ങൾ ഇല്ലല്ലോ.**

☺നമ്മൾ കൊയ്യും വയലുകളെല്ലാം നമ്മുടെതാണ് പൈങ്കിളിയേ എന്നു പാടിയിരുന്നവരുടെ ആശയങ്ങൾ എത്ര പെട്ടെന്നാണ് മാറിമറിഞ്ഞത്?

ജോർജ്ജ് കുര്യൻ, കാരക്കോണം, തിരുവനന്തപുരം

☹**ഇപ്പോൾ വലയലുകൾ ഇല്ലാത്തതുകൊണ്ട് “കല്ലുകൾ നാട്ടും പറമ്പുകളെല്ലാം നമ്മടെതാകും പൈങ്കിളിയേ” എന്നൊന്ന് മാറ്റിപ്പിടിച്ചെന്നു മാത്രം.**

☺കേരളം ഭ്രാന്താലയം എന്ന പ്രയോഗം ശരിയോ?

ആഷാ റജി, പൂന്തല, കുളനട

☹**ഭ്രാന്ത് പണ്ടേയുള്ളതാണ്. ഇപ്പോൾ അത് മൂത്ത് വയലന്റായെന്നു മാത്രം.**

☺ഈ കൊച്ചു കേരളത്തിൽ എത്രതരം വിശ്വാസങ്ങളുണ്ട്?

സി.വി.ജോൺ, മരങ്ങാട്ടുപള്ളി, കോട്ടയം

☹**ഒരുതരം, രണ്ടുതരം, ഒടുവിൽ പലതരും**

☺മനസ്സിലിരുപ്പ് വായിക്കാനുള്ള യന്ത്രം വരുന്നു. എന്തുചെയ്യും?

പ്രീതി സൈമൺ, പെരുങ്കടവിൽ, കാട്ടാക്കട

☹**മനസ്സിലുള്ളത് മാനത്ത് ഒളിപ്പിക്കാനുള്ള ആപ്പ് വന്നിട്ടുണ്ട്. അതുപോലെ മനസ്സു ചികയുന്ന യന്ത്രത്തെ വൈറസു കേറ്റി കൊല്ലാനുമാകും.**

☺സർക്കാർ ബസ്സുകൾ ക്ലാസ് മുറികൾ ആക്കുന്നെന്നു കേട്ടു. ഇതുകൊണ്ടുള്ള പ്രയോജനം എന്താണ്?

റെജി ഉമ്മൻ, കുറുമല, ചേലക്കര

☹**വൈപ്പറുള്ളതുകൊണ്ട് ഡസ്റ്റർ വേണ്ടല്ലോ.**

☺ചിലർ വരുമ്പോൾ ചരിത്രം വഴിമാറും എന്നത് കേരളത്തെ സംബന്ധിച്ചു പറഞ്ഞാൽ?

സണ്ണി ഫിലിപ്പ്, വയലത്തല, പത്തനംതിട്ട

☹ **ചിലരെ കാണുമ്പോൾ നിയമം വഴിമാറി തോന്നിയ വഴിക്ക്**




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul’s Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally